## അദ്ധ്യായം 8

# കൃഷിയും അനുബന്ധ മേഖലകളും



# തൃത്താല സമഗ്ര വികസന പദ്ധതി
# കാർഷിക മേഖല



## ആമുഖം

ഭാരതപ്പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ചരിത്രപരമായും സാംസ്കാരികമായും വളരെ യേറെ പ്രാധാന്യമുള്ള നിയോജക മണ്ഡലമാണ് തൃത്താല. കായലുകളും തോടുകളും കുളങ്ങളും നീർച്ചാലുകളും ടിപ്പുവിൻറെ സ്മരണയുള്ള കോട്ട യും പാതകളും ജൈന സംസ്കാരത്തിൻറെ ശേഷി പ്പായി നിൽക്കുന്ന കട്ടിൽമാടവും കുന്നുകളും വന ങ്ങളും വയലുകളും എല്ലാം ചേർന്ന തൃത്താല, പറയിപെറ്റ പന്തിരുകലത്തിൻറെ ഐതിഹ്യ സ്മ രണകൾ കൂടി നിറച്ച് കേരളത്തിൻറെ സാംസ്കാ രിക ഭൂമിയുടെ നെറുകയിലാണ്. സ്വാതന്ത്ര്യ സമര സേനാനികളായ അമ്മു സ്വാമിനാഥൻ ,ഐ. എൻ.എ. വനിതാ റെജിമെൻറ് തലവൻ ക്യാപ്റ്റ ൻ ലക്ഷ്മി എന്നിവരുടെ ജന്മസ്ഥലം തൃത്താല യിലെ ആനക്കരയിലാണ്. പാലക്കാട് ജില്ലയിലെ നിയോജക മണ്ഡലങ്ങളിൽ പടിഞ്ഞാറേ അറ്റ ത്ത് സ്ഥിതി ചെയ്യുന്ന തൃത്താല നിയോജക മണ്ഡലം തൃത്താല ബ്ലോക്കിലെ മുഴുവൻ പഞ്ചായ ത്തുകളും (7എണ്ണം), പട്ടാമ്പി ബ്ലോക്കിലെ പരുതൂർ പഞ്ചായത്തും ഉൾപ്പെട്ടതാണ്. ഭാരതപ്പുഴയുടെ ഇരു കര കളിലുമായി 22 കി.മീ.പുഴയോരമുള്ള തൃത്താല നിയോജക മണ്ഡലത്തിൽ കാണുന്ന ധാരാളം കുളങ്ങളും ശുദ്ധജല തടാകങ്ങളും ഉൾ നാടൻ മത്സ്യകൃഷിക്ക് പ്രയോജനപ്പെടുത്താവു ന്നതാണ്. കേരള ത്തിലെ ഏറ്റവും പ്രധാനപ്പെട്ട അടയ്ക്കാ മാർക്കറ്റ് തൃത്താല ബ്ലോക്കിൽ ഉൾപ്പെട്ട ചാലിശ്ശേരി ഗ്രാമപഞ്ചായത്തിലാണ്. തെങ്ങ് കൃഷിക്കും നെൽകൃഷിക്കും പുറമേ വാഴ, കവുങ്ങ്, പച്ചക്കറിവിളകൾ, കിഴങ്ങ് വർഗ്ഗ വിളകൾ, സുഗന്ധദ്രവ്യ വിളകൾ എന്നിവയും കർഷകർ കൃഷി ചെയ്തു വരുന്നു. വന്യമൃഗങ്ങൾ ആയ പന്നി, മയിൽ എന്നിവയുടെ ആക്രമണം മൂലമുള്ള കൃഷി നാശം സർവ സാധാരണമാണ്. പാടശേഖരാ ടിസ്ഥാനത്തിൽ സൗരോർജ്ജ വേലി നിർമ്മാ ണം വന്യ മൃഗങ്ങളിൽ നിന്നും നെൽകൃഷിയെ സംരക്ഷിക്കുന്നതിന് സഹായിക്കും. അധിക വരു മാനമുണ്ടാക്കാൻ കഴിയുമെന്നതിനാൽ ഉൾനാടൻ മൽസ്യ കൃഷിയിലും കർഷകർ താല്പര്യം കാണിക്കു ന്നുണ്ട്. ഭാരതപ്പുഴയുടെ തീരങ്ങളിൽ മുള, മാവ്, പ്ലാവ്, തുടങ്ങിയ വൃക്ഷ തൈകൾ വച്ചു പിടിപ്പിക്കു ന്നത് വഴി പുഴയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനും പുഴ പുനഃരുജ്ജീവിപ്പിക്ക പ്പെടുന്നതിനും സഹായ കരമാവുന്നതാണ്.

ഒന്നാം വിള നെൽകൃഷി വിസ്തൃതിയിൽ 1996 –ഉം 2021 –ഉം തമ്മിൽ വലിയ അന്തരം ഉണ്ട്. 1996 ൽ ഇരുപ്പൂ നിലങ്ങളായിരുന്ന ഭൂരിഭാഗം നിലങ്ങളും നിലവിൽ ഒരു പൂവ് നിലങ്ങൾ ആണ്. കാലാവസ്ഥാ വ്യതിയാനം, തരിശിടൽ , വയ ലേലകളുടെ തരംമാറ്റൽ (കാർഷികവും കാർഷി കേതരവുമായ ആവശ്യങ്ങൾക്കായി) തൊഴിലാളി ലഭ്യതക്കുറവ്, ജലസേചന സൗകര്യങ്ങളിലെ അപര്യാപ്തത,വന്യമൃഗ ആക്രമണം (മയിൽ, പന്നി എന്നിവ) സമയാ സമയങ്ങളിൽ പാടശേഖര ങ്ങളിൽ

നടത്തേണ്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത എന്നീ ഘടകങ്ങൾ ഒന്നാം വിള നെൽകൃഷിയുടെ വിസ്തീർണം ഗണ്യമായി കുറയുന്നതിന് കാരണമായിട്ടുണ്ട്. നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലായി നിലവിൽ തരിശായി കിടക്കുന്ന 100 ഹെക്ടറോളം നെൽപ്പാടം കൃഷി യോഗ്യമാക്കി തരിശുരഹിതമായ തൃത്താല നിയോജക മണ്ഡലം എന്നുള്ളതാണ് മുഖ്യ ലക്ഷ്യം. തരിശു രഹിത തൃത്താല നിയോജക മണ്ഡലം എന്ന ലക്ഷ്യം കൈവരിക്കുന്നതോ ടൊപ്പം ഒന്നാം വിള വിസ്തീർണവും ഗണ്യമായി വർദ്ധിപ്പിക്കേണ്ടതുണ്ട്. കൂടാതെ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിച്ചും കുട്ട നാടൻ മാതൃകയിൽ കായൽപ്രദേശങ്ങളിൽ പമ്പ് സെറ്റുകൾ സ്ഥാപിച്ച് വെള്ളം വറ്റിച്ചും മൂന്നാംവിള വിസ്തീർണവും വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകളും തൃത്താല നിയോജക മണ്ഡലത്തിൽ ഏറെയാണ്.നിയോജക മണ്ഡലത്തിലുടനീളം ഇരുപൂവ് നെൽകൃഷി (വിരിപ്പ് +മുണ്ടകൻ /മുണ്ടകൻ+പുഞ്ച) വ്യാപിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മൂന്നുപൂവ് നെൽകൃഷിയ്ക്കുള്ള സാധ്യതയും തൃത്താല നിയോജക മണ്ഡലത്തിൽ ഏറെയാണ്. തെങ്ങ്, കവുങ്ങ്, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗ വിളകൾ, റബ്ബർ മറ്റു ഫലവർഗ്ഗ വിളകൾ എന്നിവയുടെ വിസ്തൃതിയിൽ ചെറിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും ഗണ്യമായ വ്യത്യാസം തൃത്താല നിയോജക മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലും കാണുന്നില്ല. ഇടവിള ചെയ്യാത്ത തെങ്ങിൻ തോട്ടങ്ങൾ കരനെൽ കൃഷിക്കായി പ്രയോജനപ്പെടുത്താവുന്ന താണ്. തോട്ടവിളകളായ തെങ്ങ്,കവുങ്ങ്,റബ്ബർ എന്നീ വിളകൾ ധാരാളമായി മണ്ഡലത്തിൽ കൃഷി ചെയ്യപ്പെടുന്നതിനാൽ തേനീച്ച വളർത്തൽ കൃഷിക്ക് സാധ്യതയേറെയാണ്

## 2 . നെൽകൃഷി പുനഃരുജ്ജീവനം









നിരന്തരമായ സഹായങ്ങൾ ആവശ്യമായ മേഖലയാണ് നെൽകൃഷി. 1996 ൽ മൂന്നു വിളകളിലായി 5326 ha നെൽകൃഷി ഉണ്ടായിരുന്നിടത്ത് മൂന്നു വിളകളിലുമായി നിലവിൽ 3214 ha നെൽകൃഷി മാത്രമാണുള്ളത്. വലിയ അന്തരത്തിനു കാരണം ഒന്നാം വിള നെൽകൃഷിയോടുള്ള കർഷകരുടെ വിമുഖത ആണ്. 80 ശതമാനത്തിലകം ഒന്നാം വിള നെൽകൃഷി കുറഞ്ഞു പോയിരിക്കുന്നു. ആയതിന് ഒന്നാംവിള നെൽകൃഷി പുനഃരുജ്ജീ വിപ്പിക്കേണ്ടതുണ്ട്. ഒന്നാംവിള നെൽകൃഷിയുടെ പ്രോത്സാഹനത്തിനായി കൂടുതൽ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്. രണ്ടാംവിള നെൽകൃഷി ചെയ്യുന്ന വിസ്തൃതിയിലേക്ക് ഒന്നാംവിള നെൽകൃഷി വിസ്തീർണ്ണവും എത്തിക്കുകയാണെങ്കിൽ ഉത്പാദനം ഇരട്ടിയോള മാക്കാൻ സാധിക്കുന്നതാണ്. മൂന്നാം വിളയായി നെൽകൃഷി (പുഞ്ച) ചെയ്യുന്ന കക്കാട്ടിരി (80 ha), പട്ടിക്കായൽ (80 ha), പുളിയമ്പറ്റ കായൽ (40 ha) എന്നിവയിൽ എൻജിൻ തറകൾ നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിലൂടെ 200 ഹെക്ടറോളം കായൽ പ്രദേശത്ത് മൂന്നാംവിള നെൽകൃഷി മുൻകൂട്ടി ആരംഭിക്കുന്നതിനും കടുത്ത വേനലിനു മുമ്പ് തന്നെ ജലസേചനം കൂടാതെ വിളവെടുപ്പ് പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. വറ്റിക്കുന്ന ജലം വിനിയോഗിച്ച് ഒന്നാംവിള വിസ്തീർണം വർദ്ധിപ്പിക്കാവുന്നതുമാണ്. കൂടാതെ വെള്ളം വറ്റുന്നതിനനുസരിച്ച് രണ്ടാംവിള വിസ്തീർണവും നേരിയ തോതിൽ വർദ്ധിക്കുന്നതാണ് . ഭാരതപുഴയുടെ തീരത്തുള്ള പഞ്ചായത്തുകളിൽ ലിഫ്റ്റ് ഇറിഗേഷൻ സൗകര്യം വർധിപ്പിച്ച് മൂന്നാംവിള നെൽകൃഷി വ്യാപിപ്പിക്കുന്നതിനുള്ള അനന്ത സാധ്യതകളും ഉണ്ട്.

വയലേലകളിൽ മണ്ണിൻറെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്നതിനും കാർബൺ സമ്പുഷ്ടീകരണത്തിനുമായി മൂന്നാം വിളയായി പയർ വർഗ്ഗ വിളകൾ പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. സുഗമമായ നെൽകൃഷിയ്ക്ക് പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളായ തോട് വൃത്തിയാക്കൽ, ബണ്ട് നിർമ്മാണം, തലക്കുളങ്ങളുടെ നവീകരണം എന്നീ ഭൂവികസന പ്രവർത്തനങ്ങൾ MGNREGS പദ്ധതി യിലുൾപ്പെടുത്തി എല്ലാ വർഷങ്ങളിലും നടപ്പിലാക്കേണ്ടതുണ്ട്.



വന്യമൃഗങ്ങളെ അകറ്റാൻ മുടവന്നൂർ പാടശേഖരത്തിൽ സ്ഥാപിച്ച ഫാം വാച്ച്മാൻ

## സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു.

## a.നെൽകൃഷി വിസ്തീർണം (ഹെക്ടറിൽ ) താരതമ്യ പഠനം 1996 VS 2021

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | ഒന്നാം വിള | | രണ്ടാം വിള | | മൂന്നാം വിള | | | | ആകെ (മൂന്ന് വിള കളിലുമായി) | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | 1996 | | 2021 | | | |
| | | 1996 | 2021 | 1996 | 2021 | കായൽ വറ്റിച്ചുള്ള കൃഷി | കനാൽ ജലസേചനം | കായൽ വറ്റിച്ചുള്ള കൃഷി | കനാൽ ജലസേചനം | 1996 | 2021 |
| 1 | ആനക്കര | 220 | 2 | 250 | 255 | 0 | 10 | 0 | 40 | 480 | 297 |
| 2 | ചാലിശ്ശേരി | 100 | 25 | 360 | 317 | 0 | 0 | 0 | 0 | 460 | 342 |
| 3 | കപ്പൂർ | 240 | 77 | 365 | 292 | 0 | 0 | 0 | 0 | 605 | 369 |
| 4 | നാഗലശ്ശേരി | 410 | 21 | 430 | 305 | 0 | 0 | 0 | 0 | 840 | 326 |
| 5 | പട്ടിത്തറ | 185 | 17 | 390 | 261 | 77 | 0 | 100 | 0 | 652 | 378 |
| 6 | തിരുമിറ്റക്കോട് | 290 | 13 | 630 | 550 | 0 | 0 | 0 | 0 | 920 | 563 |
| 7 | തൃത്താല | 342 | 123 | 372 | 345 | 0 | 5 | 20 | 50 | 719 | 538 |
| 8 | പരുതൂർ | 300 | 53 | 350 | 328 | 0 | 0 | 0 | 20 | 650 | 401 |
| | ആകെ | 2087 | 331 | 3147 | 2653 | 77 | 15 | 120 | 110 | 5326 | 3214 |

## b. പാടശേഖരങ്ങൾ

| ക്രമ നമ്പർ | കൃഷി ഭവൻറെ പേര് | പാടശേഖരങ്ങളുടെ എണ്ണം | ആകെ പാടശേഖരങ്ങളുടെ വിസ്തൃതി -രണ്ടാം വിള + പുഞ്ച കായൽ +തരിശ് (ഹെക്ടർ) ) | ആകെ നെൽകൃഷി വിസ്തീർണം ( മൂന്നു വിളക ളിലുമായി) | ആകെ തരിശു നെൽപാടങ്ങളുടെ വിസ്തീർണ്ണം |
|---|---|---|---|---|---|
| 1 | ആനക്കര | 10 | 271 | 297 | 16 |
| 2 | ചാലിശ്ശേരി | 12 | 324 | 342 | 7 |
| 3 | കപ്പൂർ | 14 | 304 | 369 | 12 |
| 4 | നാഗലശ്ശേരി | 11 | 309 | 326 | 4 |
| 5 | പട്ടിത്തറ | 13 | 394 | 378 | 14 |
| 6 | തിരുമിറ്റക്കോട് | 16 | 562 | 563 | 12 |
| 7 | തൃത്താല | 16 | 410 | 538 | 28 |
| 8 | പരുതൂർ | 8 | 330 | 401 | 2.0 |
| | ആകെ | 100 | 2904 | 3214 | 95 |

## c. നെൽകൃഷി വിള കലണ്ടർ

### ആനക്കര  ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാട ശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | തരിശു ഭൂമി (Ha) |
| 1 | പെരുമ്പലം-മേലഴിയം | | | | 48 | പൊന്മണി | ആഗസ്റ്റ് | 16 | മനുരത്ന | ഡിസംബർ – ജനുവരി | **1** |
| 2 | കുമ്പിടി | | | | 15 | പൊന്മണി | ആഗസ്റ്റ് | | | | **2** |
| 3 | ഉമ്മത്തൂർ | | | | 31 | പൊന്മണി | ആഗസ്റ്റ് | 14 | മനുരത്ന | ഡിസംബർ – ജനുവരി | **1** |
| 4 | മുത്തു വിളയും കുന്ന് | | | | 22 | പൊന്മണി | ആഗസ്റ്റ് | | | | **2** |
| 5 | മണ്ണിയം പെരുമ്പലം | 2 | നാടൻ | മെയ് | 42 | പൊന്മണി | ആഗസ്റ്റ് | | | | **1** |
| 6 | കൂടല്ലൂർ- കൂട്ടക്കടവ് | | | | 28 | പൊന്മണി | ആഗസ്റ്റ് | | | | **2** |
| 7 | ആനക്കര-മേപ്പാടം | | | | 15 | പൊന്മണി | ആഗസ്റ്റ് | | | | **2** |
| 8 | നയ്യൂർ-വരട്ടിപ്പള്ളിയാലൽ | | | | 16 | പൊന്മണി | ആഗസ്റ്റ് | | | | **1** |
| 9 | പന്നിയൂർ-മുണ്ടക്കോട് | | | | 22 | പൊന്മണി | ആഗസ്റ്റ് | | | | **3** |
| 10 | മലമക്കാവ്-ചെർളപ്പാടം | | | | 16 | പൊന്മണി | ആഗസ്റ്റ് | 10 | മനുരത്ന | ഡിസംബർ – ജനുവരി | **1** |
| | ആകെ | **2** | | | 255 | | | 40 | | | 16 |

### ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | |
| 1 | പെരുമണ്ണൂർ പാടശേഖര സമിതി | 2 | ഉമ | 4/5/2021 | 29 | ഉമ, പൗർണ്ണമി | 24/08/2021 | | | | 1 |
| 2 | പാലക്കൽ പാട ശേഖരസമിതി | | | | 13 | ഉമ, പൗർണ്ണമി, പൊന്മണി | 25/08/2021 | | | | |
| 3 | ഹരിത  പാട ശേഖരസമിതി | | | | 16 | ഉമ, പൗർണ്ണമി, പൊന്മണി | 25/10/2021 | | | | 1 |
| 4 | കരുണ പാട ശേഖരസമിതി | | | | 31 | ഉമ, പൊന്മണി | 24/10/2021 | | | | 1 |

| ചാലിശ്ശേരി ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | |
| 5 | പൊന്മണി പാട ശേഖരസമിതി | | | | 30 | ഉമ, പൊന്മണി | 20/10/2021 | | | | |
| 6 | കോതമംഗലം പാട ശേഖരസമിതി | 7 | ജ്യോതി | 6/5/2021 | 61 | ഉമ, പൗർണ്ണമി, പൊന്മണി | 15/09/2021 | | | | 1 |
| 7 | കണ്ടംകുളം | **3** | ജ്യോതി | 6/5/2021 | 18 | ഉമ | 25/10/2021 | | | | |
| 8 | കാക്കശ്ശേരി | | | | 18 | ഉമ, പൗർണ്ണമി | 24/08/2021 | | | | 1 |
| 9 | അശ്വതി അമ്പലത്താഴം | | | | 16 | ഉമ | 20/10/2021 | | | | 1 |
| 10 | അന്നപൂർണ | **9** | മനുരത്ന | 7/5/2021 | 36 | ഉമ, പൗർണ്ണമി | 20/09/2021 | | | | |
| 11 | മേപ്പാടം | **2** | കുട്ടനാടൻ, രക്തശാലി | 5/5/2021 | 29 | ഉമ, പൊന്മണി | 21/09/2021 | | | | 1 |
| 12 | കുളത്താണിത്താഴം | **2** | മനുരത്ന | 6/5/2021 | 20 | ഉമ, പൗർണ്ണമി | 21/09/2021 | | | | |
| | ആകെ | **25** | | | 317 | | | | | | 7 |

| ക്രമ നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | തരിശു ഭൂമി വിസ്തീർണം |
|---|---|---|---|---|---|---|---|---|
| | | വിസ്തീർണം ഹെക്ടർ | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം ഹെക്ടർ | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | |
| 1 | കുമരനെല്ലൂർ | 26 | ജ്യോതി | ജൂൺ-10 | 31 | ശ്രേയസ്സ് | സെപ്റ്റംബർ 12 | 4 |
| 2 | കൊള്ളന്നൂർ | 2 | ഉമ | ജൂൺ-10 | 34 | ശ്രേയസ്സ് | സെപ്റ്റംബർ 15 | 1 |
| 3 | പുതുക്കോട് | | | | 8 | ശ്രേയസ്സ് | സെപ്റ്റംബർ 15 | |
| 4 | പള്ളങ്ങാട്ടുചിറ | 10. | ജ്യോതി | ജൂൺ-10 | 50 | ഉമ | സെപ്റ്റംബർ 15 | 0.5 |
| 5 | അമ്പലവട്ടം വെള്ളാളൂർ | 7.6 | ഉമ | ജൂൺ-10 | 11 | ശ്രേയസ്സ് | സെപ്റ്റംബർ 15 | 2.5 |
| 6 | ചെക്കോട് | 0.4 | ജ്യോതി | ജൂൺ-20 | 8 | ശ്രേയസ്സ്,ഉമ | സെപ്റ്റംബർ 15 | 0.6 |
| 7 | കല്ലടത്തൂർ | | | | 5 | ഉമ | സെപ്റ്റംബർ 15 | 1.8 |
| 8 | നയ്യൂർ | 7 | ഉമ | ജൂൺ-20 | 10 | ഉമ | സെപ്റ്റംബർ 15 | |
| 9 | അമേറ്റിക്കര | 9 | ജ്യോതി | ജൂൺ-10 | 22 | ശ്രേയസ്സ്, ഉമ | സെപ്റ്റംബർ 15 | |
| 10 | ഞാവലുംകാട് | 1 | ഉമ | ജൂൺ-10 | 16 | ഉമ | സെപ്റ്റംബർ 15 | 0.4 |
| 11 | കപ്പൂർ | 14 | ജ്യോതി | ജൂൺ-15 | 29 | ശ്രേയസ്സ്,ഉമ | സെപ്റ്റംബർ 20 | 0.4 |
| 12 | എറവക്കാട് | | | | 6 | ഉമ | സെപ്റ്റംബർ 20 | |
| 13 | കൊഴിക്കര | | | | 38 | ഉമ | സെപ്റ്റംബർ 20 | |
| 14 | വടക്കേ വെള്ളാളൂർ | | | | 7 | ഉമ | സെപ്റ്റംബർ 20 | 0.8 |
| 15 | പൂണ്യാൽ | | | | 17 | പൊന്മണി | സെപ്റ്റംബർ 20 | |
| | **ആകെ** | 77 | | | 292 | | | 12 |

## നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി വിസ്തീർണം |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | |
| 1 | വാഴക്കാട് | | | | 27 | ഉമ, ജ്യോതി | 20/09/2021 | | | | 1 ha |
| 2 | വാവന്നൂർ | | | | 44 | ഉമ, പൊന്മണി | 10/9/2021 | | | | |
| 3 | ചാൽപ്രം | | | | 17 | ഉമ, പൊന്മണി | 8/9/2021 | | | | |
| 4 | ചെറു ചാൽപ്രം | | | | 25 | ഉമ, പൊന്മണി | 10/9/2021 | | | | |
| 5 | തെരമംഗലം | 21. | മനുരത്ന | 18/06/2021 | 44. | ഉമ, പൊന്മണി | 15/09/2021 | | | | 1 ha |
| 6 | ഉരച്ചാണൂർ | | | | 38 | ഉമ, പൊന്മണി | 12/9/2021 | | | | 1 ha |

## നാഗലശ്ശേരി ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശ്ശ ഭൂമി വിസ്തീർണം |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | |
| 7 | നെല്ലിക്കുളം | | | | 17 | ഉമ, പൊന്മണി | 9/9/2021 | | | | |
| 8 | നാങ്കുളം | | | | 19 | ഉമ, പൊന്മണി | 11/9/2021 | | | | 1 ha |
| 9 | കോതക്കുളം | | | | 25 | ഉമ | 12/9/2021 | | | | |
| 10 | ആമക്കാവ് | | | | 38 | ഉമ, പൗർണ്ണമി | 12/9/2021 | | | | |
| 11 | തൊഴുക്കാട് | | | | 11 | ഉമ, പൊന്മണി | 10/9/2021 | | | | |
| | **ആകെ** | 21 | | | 305 | | | | | | 4 ha |

## പട്ടിത്തറ ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശ്ശ ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | |
| 1 | ആര്യംപാടം | 12 | ഉമ/ജ്യോതി | ജൂൺ | 23 | പൊന്മണി | ആഗസ്റ്റ് | 5 | ജ്യോതി | ഡിസംബർ | 0.4 |
| 2 | ചെർളപ്പാടം | | | | 22 | പൊന്മണി | 10/9/2021 | | | | |
| 3 | ചേറാം ചിറ | | | | `17 | പൊന്മണി, ഉമ | ആഗസ്റ്റ് | | | | |
| 4 | ഹരിത ഒതളൂർ | 5 | ഉമ/ജ്യോതി | ജൂൺ | 9 | പൊന്മണി | ആഗസ്റ്റ് | | | | |
| 5 | കക്കാട്ടിരി | | | | 20 | പൊന്മണി | ആഗസ്റ്റ് | 47 | ജ്യോതി | ഡിസംബർ | |
| 6 | കോട്ടപ്പാടം | | | | 41 | ഉമ | ആഗസ്റ്റ് | | | | 3 |
| 7 | ഒതളൂർ | | | | 9 | പൊന്മണി | ആഗസ്റ്റ് | 18 | ജ്യോതി | ഡിസംബർ | |
| 8 | പട്ടിക്കായൽ | | | | 0 | | ആഗസ്റ്റ് | 30 | ജ്യോതി | ഡിസംബർ | 1 |
| 9 | പട്ടിപ്പാടം ഈസ്റ്റ് | | | | 24 | പൊന്മണി | ആഗസ്റ്റ് | | | | |
| 10 | പട്ടിപ്പാടംവെസ്റ്റ് | | | | 24 | പൊന്മണി | ആഗസ്റ്റ് | | | | |
| 11 | തലക്കശ്ശേരി | | | | 13 | ഉമ, പൊന്മണി | ആഗസ്റ്റ് | | | | 4 |
| 12 | വട്ടേനാട് | | | | 30 | ഉമ, പൊന്മണി | ആഗസ്റ്റ് | | | | |
| 13 | വേങ്ങശ്ശേരി | | | | 29 | ഉമ, പൊന്മണി | ആഗസ്റ്റ് | | | | 5.6 |
| | **ആകെ** | 17 | | | 261 | | | 100 | | | 14 |

## തിരുമിറ്റക്കോട് ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | |
| 1 | രായമംഗലം | | | | 52 | പൊന്മണി | 25/09/2019 | | | | |
| 2 | തിരുമിറ്റക്കോട് വെസ്റ്റ് | | | | 32 | പൊന്മണി | 25/09/2019 | | | | |
| 3 | ഇട്ടോണം | **2.** | ജ്യോതി | | 24 | ഉമ | 25/09/2019 | | | | |
| 4 | തിരുമിറ്റക്കോട് ഈസ്റ്റ് | | | | 30 | ഉമ, പൊന്മണി | 25/09/2019 | | | | 1 |
| 5 | കറുക പുത്തൂർ | | | | 24 | ഉമ, പൊന്മണി | 25/09/2019 | | | | 1 |
| 6 | പെരിങ്ങന്നൂർ | 2.5 | ജ്യോതി | 17/05/2021 | 33 | ഉമ, പൊന്മണി | 25/09/2019 | | | | 2 |
| 7 | പള്ളിപ്പാടം | 4 | ജ്യോതി | 17/05/2021 | 24 | ഉമ | 25/09/2019 | | | | 1 |
| 8 | അകിലാണം | | | | 36 | ഉമ | 25/09/2019 | | | | |
| 9 | ചെരിപ്പൂർ വെസ്റ്റ് | | | | 41 | ഉമ, പൊന്മണി | 25/09/2019 | | | | |
| 10 | മതുപ്പള്ളി | | | | 43 | ഉമ, പൊന്മണി | 25/09/2019 | | | | 1 |
| 11 | ഒഴുവത്ര | 0.5 | ജ്യോതി | 17/05/2021 | 39 | ഉമ, പൊന്മണി | 25/09/2019 | | | | 1 |
| 12 | മലയകം | | | | 28 | ഉമ, പൊന്മണി | 25/09/2019 | | | | 2 |
| 13 | നെല്ലിക്കാട്ടിരി | 2 | ജ്യോതി | 17/05/2021 | 47 | ഉമ, പൊന്മണി | 25/09/2019 | | | | |
| 14 | ഇരിങ്ങൂറ്റൂർ | | | | 46 | ഉമ, പൊന്മണി | 25/09/2019 | | | | 1 |
| 15 | ഏഴുമങ്ങാട് | 2 | ജ്യോതി | 17/05/2021 | 19 | ഉമ, പൊന്മണി | 25/09/2019 | | | | 2 |
| 16 | ചെരിപ്പൂർ ഈസ്റ്റ് | | | | 32 | ഉമ, പൊന്മണി | 25/09/2019 | | | | |
| | **ആകെ** | 13 | | | 550 | | | | | | 12 |

## തൃത്താല ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| നമ്പർ | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | |
| **1** | മങ്ങാരം | **30** | ജ്യോതി | മെയ് ജൂൺ | **43** | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | |
| 2 | തൃത്താല | 30 | ജ്യോതി | മെയ് ജൂൺ | 43 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 1 |

## തുത്താല  ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| ന | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീ യതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | |
| 3 | തച്ചറക്കുന്ന് | 5 | ജ്യോതി | മെയ് ജൂൺ | 9 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 2 |
| 4 | ഉള്ളന്നൂർ | | | | 9 | പൊൻമണി | ജൂലൈ, ആഗസ്റ്റ് | | | | 2 |
| 5 | വി.കെ കടവ് -ലിഫ്റ്റ് /കനാൽ | | | | 20 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | 15 | ജ്യോതി, മനുരത്ന | ജനുവരി, ഫെബ്രുവരി | |
| 6 | കണ്ണന്നൂർ | 10 | ജ്യോതി | മെയ് ജൂൺ | 20 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 5 |
| 7 | ഞാങ്ങാട്ടിരി വെസ്റ്റ് | | | | 9 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 4 |
| 8 | ഞാങ്ങാട്ടിരി ഈസ്റ്റ് | | | | 7 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 4 |
| 9 | ചാക്കുരുത്തി | | | | 20 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | |
| 10 | മേഴത്തൂർ | 40 | ജ്യോതി | മെയ് ജൂൺ | 57 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | |
| 11 | മുടവന്നൂർ | 8 | ജ്യോതി | മെയ് ജൂൺ | 15 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 2 |
| 12 | കോടനാട് ഈസ്റ്റ് | | | | 6 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 1 |
| 13 | കോടനാട് സൗത്ത് | | | | 23 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 4 |
| 14 | പുളിയമ്പറ്റ കായൽ | | | | 37 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | 15 | ജ്യോതി, മനുരത്ന | ഡിസംബർ, ജനുവരി | |
| 15 | പുനനിലം | | | | 16 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | 3 |
| 16 | മാട്ടായ | | | | 11 | പൊൻമണി | ആഗസ്റ്റ്, സെപ്റ്റംബർ | | | | |
| | ആകെ | 123 | | | 345 | | | 30 | | | 28 |

## പരുതൂർ ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻ വിള കലണ്ടർ

| ന | പാടശേഖര സമിതിയുടെ പേര് | ഒന്നാം വിള | | | രണ്ടാം വിള | | | മൂന്നാം വിള | | | തരിശു ഭൂമി (Ha) |
|---|---|---|---|---|---|---|---|---|---|---|---|
| | | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | വിസ്തീർണം (Ha) | ഇനങ്ങൾ | ആരംഭിക്കുന്ന തീയതി | |
| 1 | മംഗലം | | | | 53 | പൊന്മണി | ജൂലൈ അവസാനം | | | | 0.2 |
| 2 | മുടപ്പക്കാട് | | | | 25 | പൊന്മണി | ആഗസ്റ്റ് ആദ്യവാരം | 20 | കാഞ്ചന | ഡിസംബർ– ജനുവരി | |
| 3 | കെ.കെ.പി. | | | | 72 | പൊന്മണി | ആഗസ്റ്റ് ആദ്യവാരം | | | | 0.5 |
| 4 | പരുതൂർ | 44 | ശ്രേയസ് | ഏപ്രിൽ | 84 | മനുരത്ന,പൊന്മണി | ആഗസ്റ്റ് ആദ്യവാരം | | | | |
| 5 | തെക്കേ കുന്ന് | 9 | മനുരത്ന, ഉമ | ഏപ്രിൽ | 30 | പൊന്മണി | ആഗസ്റ്റ് ആദ്യവാരം | | | | |
| 6 | കണ്ണാട് | | | | 22 | പൊന്മണി | ആഗസ്റ്റ് ആദ്യവാരം | | | | |
| 7 | ചെറുകുടങ്ങാട് | | | | 30 | പൊന്മണി | ആഗസ്റ്റ് ആദ്യവാരം | | | | 1.3 |
| 8 | കൊട്ടുമുണ്ട | | | | 12 | പൊന്മണി,ഉമ | ആഗസ്റ്റ് ആദ്യവാരം | | | | |
| | ആകെ | 53 | | | 328 | | | 20 | | | 2 |

| നമ്പർ | കൃഷി ഭവൻറെ പേര് | വിള (വിസ്തീർണം ഹെക്ടറിൽ) | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | നെല്ല് | | | | തെങ്ങ് | കവുങ്ങ് | വാഴ | പച്ചക്കറി | റബ്ബർ | സുഗന്ധ ദ്രവ്യങ്ങൾ (ഇഞ്ചി,മഞ്ഞൾ കുരുമുളക് എന്നിവ) | കിഴങ്ങു വർഗ്ഗം (മരച്ചീനി ചേന, ചേമ്പ് മുതലായവ) |
| | | വിരിപ്പ് | മുണ്ടകൻ | പുഞ്ച | ആകെ | | | | | | | |
| 1 | ആനക്കര | 2 | 255 | 40 | 297 | 464 | 286 | 12 | 48 | 8 | 112 | 28 |
| 2 | ചാലിശ്ശേരി | 25 | 317 | 0 | 342 | 400 | 440 | 10 | 20 | 5 | 30 | 10 |
| 3 | കപ്പൂർ | 77 | 292 | 0 | 369 | 375 | 140 | 10 | 39 | 200 | 33 | 20 |
| 4 | നാഗലശ്ശേരി | 21 | 305 | 0 | 326 | 375 | 225 | 25 | 32 | 350 | 40 | 40 |
| 5 | പട്ടിത്തറ | 17 | 261 | 100 | 378 | 450 | 150 | 15 | 15 | 0 | 153 | 16 |
| 6 | തിരുമിറ്റക്കോട് | 13 | 550 | 0 | 563 | 400 | 250 | 125 | 50 | 300 | 44 | 70 |
| 7 | തൃത്താല | 123 | 345 | 70 | 538 | 445 | 60 | 40 | 40 | 80 | 46 | 60 |
| 8 | പരുതൂർ | 53 | 328 | 20 | 401 | 540 | 3 | 20 | 10 | 7 | 27 | 36 |
| | ആകെ | 331 | 2653 | 230 | 3214 | 3449 | 1554 | 257 | 254 | 950 | 485 | 280 |

## 1. വിവിധ കാർഷിക വിളകൾ




**തെങ്ങ് കൃഷി** തെങ്ങിന്റെ ഉത്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീടരോഗനിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ, വർദ്ധിപ്പിക്കാൻ ഗുണ മേന്മയുള്ള തൈകൾ ലഭ്യമാക്കുക മുതലായ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടു കൊണ്ടുള്ള പദ്ധതിയാണ് കേരഗ്രാമം. തൃത്താല നിയോജക മണ്ഡലത്തിൽ ഏകദേശം **3450** ഓളം ഹെക്ടർ സ്ഥലത്തായി തെങ്ങ് കൃഷി ചെയ്തു വരുന്നു. നിലവിൽ നാളികേര വികസനത്തിനുള്ള പദ്ധതികൾ തുലോം കുറവാണ്. ആയതിനാൽ കേരഗ്രാമം പോലുള്ള പദ്ധതികൾ ഓരോ പഞ്ചായത്ത് അടിസ്ഥാനത്തിലും നടപ്പിലാക്കുന്നത് കേരകൃഷിയുടെ സമഗ്ര വികസനത്തിന് അത്യന്താപേക്ഷിതമാണ്.



## വാഴക്കൃഷി



നമ്മുടെ നാട്ടിലെ പ്രധാന പഴവർഗ്ഗ വിളയാണ് വാഴ. ചെയ്തു വരുന്നു. ടിഷ്യൂകൾച്ചർ വാഴക്കൃഷി വ്യാപകമാക്കുന്നതും ജലസേചനത്തിനും വളപ്രയോഗത്തിനുമായി



പ്രിസിഷൻ കൃഷി അവലംബിക്കുന്നതും ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതാണ്. നേന്ത്രവാഴക്കൃഷിക്ക് പേര് കേട്ട പ്രദേശമാണ് ചാലിശ്ശേരിയിലെ കവുക്കോട്.







# പച്ചക്കറി കൃഷി



വാണിജ്യാടിസ്ഥാനത്തിലും വീട്ടു വളപ്പിൽ പച്ചക്കറി ഉണ്ടാക്കുന്നതിലും അഭൂതപൂർവ്വമായ ഒരു ഉണർവ് തൃത്താല നിയോജക മണ്ഡലത്തിൽ ഉണ്ടായിട്ടുണ്ട്. കോവിഡ് മൂലം നാട്ടിലെ തൊഴി ൽ സാഹചര്യങ്ങളും സാമ്പത്തിക സ്ഥിതിയും മോശമായപ്പോൾ സുഭിക്ഷ കേരളം പദ്ധതി പ്രകാരം പച്ചക്കറി കൃഷിയിൽ ഗണ്യമായ പുരോഗതി വരുത്താൻ സാധിച്ചിട്ടുണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി വികസന പദ്ധതി പ്രകാരം ജില്ലാ ക്ലസ്റ്ററുകളുടെ വികസനം, നടീൽ വസ്തുക്കളുടെ ( വിത്ത്/ തൈ) വിതരണം സ്ഥാപനങ്ങളിൽ നടത്തുന്ന പച്ചക്കറി കൃഷി , മഴമറകളുടെ പ്രോത്സാഹനം, സ്റ്റാഗേർഡ് പച്ചക്കറി കൃഷി, സ്പ്രേയർ, പമ്പ് സെറ്റ് വിതരണം എന്നീ ഘടകങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ ആനക്കര, ചാലിശ്ശേരി, കപ്പൂർ, തൃത്താല പഞ്ചായത്തുകളിൽ A ഗ്രേഡ് പച്ചക്കറി ക്ലസ്റ്ററുകളുടെ നേതൃത്വത്തിൽ വിപണികളും പ്രവർത്തിക്കുന്നുണ്ട് പച്ചക്കറി വികസനത്തിൻറെ ഭാഗമായി കൃഷി വകുപ്പിൻറെ നേതൃത്വത്തിൽ ആനക്കരയിലെ വിവിധ ആരാധനാലയങ്ങളിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷി യോഗ്യ മാക്കി പച്ചക്കറി കൃഷിയ്ക്ക് തുടക്കമായിട്ടുണ്ട്. പന്നിയൂർ വരാഹ മൂർത്തി ക്ഷേത്രത്തിലും കുമ്പിടി ജുമാ മസ്ജിദിലും ആനക്കര ഗ്രാമ പഞ്ചായത്ത് കൃഷി ഭവൻറെ

ഇടപെടലിൽ നടത്തിയ പച്ചക്കറി കൃഷി പ്രശംസനീയമാണ്.





**പന്നിയൂർ വരാഹമൂർത്തി അമ്പലത്തിലെ കൃത്യതാ പച്ചക്കറി കൃഷി- ഉദ്ഘാടനം ചെയ്യുന്നു**

**കുമ്പിടി ജുമാ മസ്ജിദിലെ കൃഷി**










**ഗ്രോ ബാഗിലെ തിരി നന സമ്പ്രദായം**






മഴമറ പച്ചക്കറി കൃഷി






മട്ടുപ്പാവിലെ മഴ മറ

## d. മറ്റു കാർഷിക വിളകൾ



പാഷൻ ഫ്രൂട്ട്

വിവിധ വാഴയിനങ്ങൾക്കു പുറമേ മറ്റു ഫലവർഗ്ഗ വിളകളായ മാവ്, പ്ലാവ്. പുളി, കശുമാവ്, പൈനാപ്പിൾ, റംബൂട്ടാൻ, പാഷൻ ഫ്രൂട്ട്, ഡ്രാഗൺ ഫ്രൂട്ട് പപ്പായ എന്നിവ കർഷകർ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്തുവരുന്നു. ഇത്തരം തോട്ടങ്ങളിൽ കൃത്യത കൃഷി രീതിയും അവലംബിച്ചിട്ടുണ്ട്.




ഡ്രാഗൺ ഫ്രൂട്ട് കൃഷി ആരംഭിക്കുന്നു

സുഗന്ധവ്യഞ്ജനങ്ങളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയും, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ ,കൂവ, മധുരകിഴങ്ങ് കൂർക്ക തുടങ്ങിയ കിഴങ്ങ് വർഗ്ഗങ്ങളും ഔഷധ സസ്യങ്ങൾ എന്നിവയും കർഷകർ കൃഷി ചെയ്തു വരുന്നു








പൈനാപ്പിൾ കൃഷി ആരംഭിക്കുന്നു

ഔഷധ സസ്യങ്ങൾ  പുഷ്പകൃഷി എന്നിവയ്ക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. കൂടാതെ ഔഷധ സസ്യങ്ങളുടെ തൈകളും കൃഷി വകുപ്പ് മുഖേന വിതരണം നടത്തുന്നു.














## 2. കാർഷിക വൈദ്യുതി സൗജന്യം

നെൽകൃഷിക്ക് പരിധിയില്ലാതെയും മറ്റു വിളകൾക്ക് രണ്ടു ഹെക്ടർ വരെയും കാർഷിക വൈദ്യുതി സൗജന്യപദ്ധതി കൃഷി ഭവനുകളിലൂടെ നടപ്പിലാക്കി വരുന്നു. നിലവിൽ കാർഷിക വൈദ്യുതി സൗജന്യ പദ്ധതി സർക്കാർ നിർദേശാനുസരണം ഗ്രൂപ്പ് അടിസ്ഥാനത്തിൽ മാറ്റുന്നതിൻറെ ഭാഗമായുള്ള ഉപഭോക്താക്കളു ടെ ഗ്രൂപ്പ് യോഗങ്ങൾ എല്ലാ പഞ്ചായത്തിലും പുരോഗമിച്ചു കൊണ്ടിരിക്കുന്നു

| ക്രമ നമ്പർ | കൃഷി ഭവൻറെ പേര് | ഉപയോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | ആനക്കര | 1269 |
| 2 | ചാലിശ്ശേരി | 1365 |
| 3 | കപ്പൂർ | 1597 |
| 4 | നാഗലശ്ശേരി | 1754 |
| 5 | പട്ടിത്തറ | 1743 |
| 6 | തിരുമിറ്റക്കോട് | 1421 |
| 7 | തൃത്താല | 949 |
| 8 | പരുതൂർ | 557 |
| | **ആകെ** | 10655 |

## 3. വിള ആരോഗ്യ പരിപാലന പദ്ധതി






ആനക്കര കൃഷി ഭവനിൽ പ്രവർത്തിക്കുന്ന വിള ആരോഗ്യ കേന്ദ്രം

സുസ്ഥിര കാർഷിക വികസനത്തിന് വിള ആരോഗ്യ പരിപാലനം ഒരു സുപ്രധാന ഘടകമാണ്. ക്ലിനിക്കുകൾ രൂപപ്പെടുത്തുന്നതിൻറെ പ്രധാന ഉദ്ദേശ്യം ഏ തൊരു വിളകളുടെയും രോഗ കീടത്തെക്കുറിച്ച് ശരിയായ രീതിയിൽ തിരിച്ചറിഞ്ഞ് കർഷകർക്ക് ഉപദേശം നൽകുക എന്നതാണ്. കർഷകർ നേരിടുന്ന വിള നഷ്ടത്തിനും ഉത്പാദനക്കുറവിനും കാരണമായ രോഗ കീടങ്ങൾക്ക് വേണ്ട നിയന്ത്രണ മാർഗ്ഗ നിർദ്ദേശം നൽകുക, .കാലാവസ്ഥാ വ്യതിയാനം മണ്ണിൻറെ ഫലഭൂയിഷ്ഠത എന്നിവ മനസ്സിലാക്കാൻ സഹായിക്കുക, തുടർച്ചയായ നിരീക്ഷണത്തിലൂടെ വിളകൾക്ക് ഉണ്ടാകുന്ന മാറ്റത്തെക്കുറിച്ചും പരിപാലനത്തെക്കുറിച്ചും കർഷകർക്ക് മനസ്സിലാക്കിക്കൊടുക്കുക, പാരിസ്ഥിതിക നിലനിൽപ്പിനു വേണ്ടിയും സാമ്പത്തിക ലാഭത്തിനു വേണ്ടിയും കൃഷി ചെയ്യുന്നതിന് കർഷകരെ ബോധവാന്മാരാക്കുക എന്നിവയാണ് വിള ആരോഗ്യ കേന്ദ്രത്തിൻറെ മറ്റ് ലക്ഷ്യങ്ങൾ. തൃത്താല ബ്ലോക്കിലെ വിള ആരോഗ്യ കേന്ദ്രം ആനക്കര കൃഷി ഭവനിൽ ആണ് പ്രവർത്തിക്കുന്നത്

## 4. ജൈവ കൃഷി പ്രോത്സാഹന പദ്ധതികൾ

ജൈവകൃഷി പ്രോത്സാഹനത്തിനായി BPKP, PKVY, GAP, Organic farming പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജൈവ സർട്ടിഫിക്കേഷനായുള്ള സഹായം, ക്ലസ്റ്ററുകളുടെ ശക്തിപ്പെടുത്തൽ, ക്ലസ്റ്ററുകൾക്ക് പ്രോത്സാഹന സഹായം, പച്ചില വള പ്രയോഗം, ജൈവ വളങ്ങൾ തയ്യാറാക്കുന്ന മാതൃകാ യൂണിറ്റുകൾ, സുരക്ഷിതമായ ഭക്ഷ്യ ഉത്പാദനം എന്നിവ ലക്ഷ്യ മാക്കി BPKP പദ്ധതി പ്രകാരം 500 ഹെക്ടറിലും PKVY പദ്ധതി പ്രകാരം 400 ഹെക്ടറിലും വിവിധ ജൈവ കാർഷിക രീതികൾ അവ ലംബിച്ചു കൊണ്ട് കൃഷി ചെയ്തു വരുന്നു











**ജൈവ വളക്കൂട്ട് തയ്യാറാക്കലും പരിശീലന പരിപാടികളും**

## ജൈവകൃഷി പ്രോത്സാഹന പദ്ധതികളുടെ വിശദാംശങ്ങൾ

| നമ്പർ | കൃഷി ഭവൻറെ പേര് | പദ്ധതി പ്രദേശം | |
|---|---|---|---|
| | | BPKP | PKVY |
| 1 | ആനക്കര | 50 ha | 60 ha |
| 2 | ചാലിശ്ശേരി | 50 ha | 60 ha |
| 3 | കപ്പൂർ | 50 ha | 40 ha |
| 4 | നാഗലശ്ശേരി | 50 ha | 60 ha |
| 5 | പട്ടിത്തറ | 100 ha | 60 ha |
| 6 | തിരുമിറ്റക്കോട് | 100 ha | 60 ha |
| 7 | തൃത്താല | 100 ha | 60 ha |
| 8 | പരുതൂർ | 50 ha | 60 ha |
| | **ആകെ** | 550 ha | 400 |

## 5. പരമ്പരാഗത വിത്തുകളുടെ സംരക്ഷണം (നെല്ല്, പച്ചക്കറി...etc)

പരമ്പരാഗത നെൽ വിത്തിനങ്ങളായ ആര്യ ങ്കാളി, കട്ടമോടൻ, തവളക്കണ്ണൻ, ചുവന്ന വട്ടൻ, വെളുത്ത വട്ടൻ, കവുങ്ങിൻ പൂത്താല, സുഗന്ധ നെല്ലിനമായ ഗന്ധക ശാല, ജീരക ശാല ഔഷധ ഗുണമുള്ള ഞവര, രക്തശാലി എന്നീ നെല്ലിനങ്ങളും ഇവിടെ കൃഷി ചെയ്തു പോരുന്നു. ഈ നെൽവിത്തിനങ്ങളുടെയും പച്ചക്കറിയിനങ്ങളിൽ തനതു വിളകളുടെയും സംരക്ഷണം ഉറപ്പ വരുത്തേണ്ടത് അത്യന്താപേക്ഷിത മാണ്.

ഇനം- ഗന്ധകശാല







ഇനം- കവുങ്ങിൻ പൂത്താല

കാന്താരി മുളക്



പരമ്പരാഗത വിത്തുകളുടെ സംരക്ഷണത്തിനും കർഷക താല്പര്യം മുൻ നിർത്തിയുള്ള വിത്ത് ഉല്പാദനത്തിനും സഹായിക്കുന്ന രജിസ്ട്രേഡ് സീഡ് ഗ്രോവെർസ് പ്രോഗ്രാം, സീഡ് വില്ലേജ്, സീഡ് ബാങ്ക് തുടങ്ങിയ പദ്ധതികൾക്കും തൃത്താല നിയോജക മണ്ഡലത്തിൽ സാധ്യതയുണ്ട്

## 6. കാർഷിക യന്ത്രവൽക്കരണം

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം ഉത്പാദന ചെലവ് കുറയ്ക്കു ന്നതിനൊരു പ്രധാന ഘടകമാണ്. അതിനായി അഗ്രോ സർവീസ് സെൻററുകളേയും കാർഷിക കർമ്മ സേന കളെയും ശക്തി പ്പെടുത്തേണ്ടതുണ്ട് . SMAM പദ്ധതി പ്രകാരം കർമ്മസേനകൾക്കും അഗ്രോ സർവീസ് സെൻററുകൾക്കും കർഷക ഗ്രൂപ്പ കൾക്കും വ്യക്തികൾക്കും സബ്സിഡി നിരക്കിൽ കാർഷിക യന്ത്രങ്ങളായ ട്രാക്ടർ, കൊയ്ത്തു യന്ത്രം, നടീൽ യന്ത്രം, മറ്റു കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങാവുന്നതാണ്.









**യന്ത്ര വൽക്കരണ പദ്ധതിയിൽ ലഭിച്ച വിവിധ കാർഷിക യന്ത്രങ്ങളുമായി കർഷകർ**

## 7. കാർഷിക കർമസേന /അഗ്രോ സർവീസ് സെൻററ്

കടുത്ത തൊഴിലാളി ക്ഷാമം കൊണ്ടും ഉയർന്ന കൂലിച്ചെലവ് കൊണ്ടും മനം മടുത്താണ് കൃഷിയിൽ നിന്ന് ഏറെപ്പേർ പിന്തിരിഞ്ഞു പോയത്. പാടത്ത് തൊഴിൽ ക്ഷാമം രൂക്ഷമായപ്പോൾ യന്ത്രവൽ



ക്കരണത്തിലൂടെ അതിന് പരിഹാരം കാണു വാനുള്ള ശ്രമമാണ് നാം നടത്തിയത്. യന്ത്രങ്ങളായാലും അതിന് വൈദഗ്ധ്യം നേടിയ തൊഴിലാളികൾ വേണം. ഇതിനൊക്കെ ഒരു പരിഹാരം എന്ന നിലയിൽ മെച്ചപ്പെട്ട വേതന ത്തിനുമപ്പുറം തൊഴിൽ സുരക്ഷയും സാമൂഹിക അംഗീകാരവും നൽകത്തക്ക വിധത്തിൽ ആണ് കാർഷിക കർമസേന രൂപം കൊണ്ടത്. കൃഷി വകുപ്പിനും കാർഷിക സർവകലാശാലയ്ക്കുമൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കൈ കോർത്താണ് കർമസേനയ്ക്ക് രൂപം കൊടുത്തത് . തൊഴിൽസേന വഴി കൂലി ചെലവ് കുറച്ചും ഉത്പാദനം മെച്ചപ്പെടുത്തിയും കൂടുതൽ നേട്ടം



കൊയ്യാനാവുന്നത് കർഷകർ ക്ക് കൂടുതൽ ആത്മ വിശ്വാസം നൽകുന്നു. തൃത്താല നിയോജക മണ്ഡലത്തിൽ ആനക്കര, നാഗലശ്ശേരി, ചാലിശ്ശേരി എന്നീ പഞ്ചായത്തുകളിൽ കാർഷിക കർമ്മ സേനകൾ സജീവമായി പ്രവർത്തിച്ച വരുന്നു.



**കർമസേന പരിശീലന പരിപാടി**

## 8. ജൈവഗൃഹപദ്ധതി

റീ-ബിൽഡ് കേരളം ഇനീഷ്യേറ്റീവ് – സുഭിക്ഷം സുരക്ഷിതം പദ്ധതിയുടെ ഭാഗമായി കൃഷിയോടൊപ്പം തന്നെ കാർഷിക അനുബന്ധ മേഖലകളെക്കൂടി വിജയകരമായി സംയോജിപ്പിച്ചുകൊണ്ട് ഓരോ കുടുംബത്തിനും ഭക്ഷ്യ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും അധിക വരുമാനം നേടുന്നതിനുമായാണ് ജൈവഗൃഹം (IFS)പദ്ധതി നടപ്പിലാക്കി വരുന്നത്. നെല്ല്, തെങ്ങ്, കവുങ്ങ്, പച്ചക്കറി വിളകൾ പഴവർഗ്ഗങ്ങൾ തുടങ്ങിയ കാർഷിക വിളകളോടൊപ്പം കൃഷി അനുബന്ധ മേഖലകളായ കൂൺ കൃഷി, തേനീച്ച വളർത്തൽ, മത്സ്യ കൃഷി, തീറ്റപ്പുൽക്കൃഷി, കന്നുകാലി വളർത്തൽ , മണ്ണിര കമ്പോസ്റ്റ്, മറ്റു കമ്പോസ്റ്റിംഗ് രീതികൾ എന്നിവയെ സംയോജിപ്പിച്ചു കൊണ്ടുള്ള ജൈവഗൃഹ യൂണിറ്റുകൾ തൃത്താല നിയോജക മണ്ഡലത്തിൽ സമൃദ്ധമാണ





## 9. കൂൺ കൃഷി

പ്രത്യേകമായി കൃഷി സ്ഥലം ആവശ്യമില്ലാതെ തന്നെ ടെറസിലോ വീട്ടു വളപ്പിലെ ഷെഡ്ഡിലോ അനായാസമായി വർഷം മുഴുവൻ ചെയ്യാവുന്ന കാല ദൈർഘ്യം കുറഞ്ഞ, വിപണിയിൽ നല്ല സാധ്യതയുള്ള കൃഷിയാണ് കൂൺ കൃഷി. പോഷക ഗുണങ്ങൾ ധാരാളമായി കൂണിൽ അടങ്ങിയിട്ടുണ്ട്..ഒട്ടു മിക്ക ജീവിത ശൈലി രോഗങ്ങളേയും കൂൺ നിയന്ത്രിക്കുന്നു. ഭക്ഷണത്തിൽ കൂൺ **25-50** ഗ്രാം ഉൾപ്പെടുത്തിയാൽ വൈറസ് രോഗങ്ങളെയും പ്രതിരോധിക്കാമെന്ന് കണ്ടെത്തിയിരിക്കുന്നു. ചിപ്പിക്കൂൺ ,ബട്ടൺ കൂൺ ,പാൽക്കൂൺ മുതലായവയാണ് കേരളത്തിൽ സാധാരണയായി കൃഷി ചെയ്തു വരുന്നത്. പോഷക ഗുണങ്ങൾ ധാരാളമായി കൂണിൽ അടങ്ങിയിട്ടുണ്ട്. കൂടാതെ ഭക്ഷണ ക്രമത്തിൽ കൂൺ വിഭവങ്ങൾ ഉൾപ്പെടുത്തുന്നതു വഴി കാൻസർ സാധ്യത കുറയ്ക്കുന്നതിനും



ഹൃദ്രോഗം, പ്രമേഹം എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിനും രോഗ പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനും സഹായക മാകുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്.





## 10. തേനീച്ച വളർത്തൽ



തെങ്ങ് ,കവുങ്ങ്,ഫലവർഗ്ഗ വിളകൾ റബ്ബർ എന്നീ വിളകൾ തൃത്താല നിയോജക മണ്ഡലത്തിൽ സമൃഷ്ടമാകയാൽ തേനീച്ച കൃഷിക്ക് അനന്ത സാധ്യതകളാണുള്ളത്. തെങ്ങ്, കവുങ്ങ്, ഫലവർഗ്ഗങ്ങൾ എന്നിവയിൽ പരാഗണം വർദ്ധിപ്പിച്ച് ഉത്പാദനം ഇരട്ടിയോളം മെച്ചപ്പെട്ടുത്തു ന്നതിന് തേനീച്ച കൃഷി സഹായിക്കുന്നു. റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ വിജയകര മായി നടപ്പിലാക്കാവുന്നതാണ്.





## 1. വിള ഇൻഷുറൻസ് പദ്ധതികൾ

പ്രകൃതി ക്ഷോഭം മൂലവും കീടരോഗ ബാധമൂലവും ഉത്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവും കാർഷിക വിളകൾക്കുണ്ടാകുന്ന നാശ നഷ്ടങ്ങളും കർഷക സമൂഹത്തിന് ഉല്പാദന നഷ്ടത്തിനൊപ്പം വരുമാന നഷ്ടത്തിനും കാരണമാകുന്നു. ഇത് കർഷക സമൂഹത്തിൻറെ കുടുംബ ഭദ്രത തന്നെ താറുമാറാക്കുന്നു. ഇതിനെല്ലാം പരിഹാരമായി കർഷകർക്ക് ഒരു പരിധി വരെ ആശ്വാസമായി കർഷക സമൂഹത്തിന്റെ രക്ഷയ്ക്കായി വിള ഇൻഷുറൻ സ് പദ്ധതികൾ ദേശീയ തലത്തിലും സംസ്ഥാന തലത്തിലും നിലവിൽ വന്നുകഴിഞ്ഞു.

കേരള സർക്കാരിൻറെ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, കേന്ദ്രസർക്കാരിൻറെ പ്രധാന മന്ത്രി ഫസൽ ബീമാ യോജന ( PMFBY) പുനരാവിഷ്കൃത കാലാവസ്ഥാ ധിഷ്ഠിത (RWBCIS) എന്നീ പദ്ധതികൾ മുഖേന കർഷകർക്ക് തങ്ങളുടെ വിള ഇൻഷ്വർ ചെയ്യാവുന്നതാണ്. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയുടെ പ്രീമിയം ആയി തൃത്താല നിയോജക മണ്ഡലത്തിലെ എട്ടു പഞ്ചായത്തുകളിലായി ഈ വര്ഷം അഞ്ചു ലക്ഷത്തോളം രൂപ, വിവിധ വിളകൾ ഇൻഷ്വർ ചെയ്യുതിലൂടെ സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട് .




## വിവിധ കർഷക ക്ഷേമ പദ്ധതികൾ

### a. കർഷക പെൻഷൻ

കാർഷികവൃത്തി ഉപ ജീവന മാർഗ്ഗമാക്കിയ 60 വയസ്സ് പൂർത്തിയാക്കിയ കർഷകരുടെ ഉന്നമനത്തിനായി കേരളസർക്കാർ നൽകി വരുന്നതാണ് കർഷക സേവന പെൻഷൻ. സ്വന്തമായി .കുറഞ്ഞത് 10 സെൻറ് കൃഷി ഭൂമിയും വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെയുള്ളതുമായ എല്ലാ കർഷകർക്കും പദ്ധതിയുടെ ഗുണഭോക്താക്കൾ ആകാവുന്നതാണ്. നിലവിൽ പെൻഷൻ തുക പ്രതിമാസം 1600 ആണ്. തൃത്താല നിയോജക മണ്ഡലത്തിൽ 2134 കർഷകർക്ക് പദ്ധതിപ്രകാരം പെൻഷൻ നൽകു ന്നുണ്ട്.

### b. പ്രധാന മന്ത്രി കൃഷി സമ്മാൻ നിധി

കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും അതുവഴി കാർഷിക മേഖലയിൽ കൂടുതൽ മുതൽമുടക്കിന് കർഷകരെ പ്രാപ്തരാക്കുന്നതിനും ലക്ഷ്യമിട്ട് കൊണ്ട് 2018 ഡിസംബർ മുതൽ കേന്ദ്ര ഗവൺമെൻറ് ആവിഷ്കരിച്ച ഒരു പദ്ധതിയാണ് പ്രധാന മന്ത്രി കൃഷി സമ്മാൻ നിധി (PM-KISAN). ഫണ്ടിൻറെ 100% വും കേന്ദ്ര ഗവൺമെൻറ് തന്നെയാണ് നൽകുന്നത്. ഈ പദ്ധതി പ്രകാരം സ്വന്തമായി ഭൂമിയുള്ള എല്ലാ കർഷക കുടുംബങ്ങൾക്കും പ്രതിവർഷം 3 ഗഡുക്കളായി 6000 രൂപ ഉൽപാദന ചെലവായി ധനസഹായം ലഭിക്കുന്നു. തൃത്താല നിയോജക മണ്ഡലത്തിൽ 20738 കർഷകർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

## c. കേരള കർഷക ക്ഷേമനിധി ബോർഡ്

കാർഷിക അനുബന്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു കർഷകൻറെയും ക്ഷേമത്തിനായും ഐശ്വര്യത്തിനായും പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമ ആനുകൂല്യങ്ങൾ നൽകുന്നതിനായും യുവ തലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിനായും തുടർ പ്രവർത്തനങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി ആക്ട് നിലവിൽ വരുകയും ഇതിൻറെ അധികാരങ്ങൾ ഉപയോഗിച്ച് കേരള കർഷക ക്ഷേമ നിധി ബോർഡ് രൂപീകരിച്ച് 2020 ഒക്ടോബർ 14 ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ആസ്ഥാനം തൃശ്ശൂരും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി മേഖല ഓഫീസുകളും തുറന്ന് പ്രവർത്തിച്ചു വരികയും ചെയ്യുന്നുണ്ട്. 18 വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും ക്ഷേമനിധി ബോർഡിൽ അംഗമായി രജിസ്റ്റർ ചെയ്യാം. കേരള കർഷക ക്ഷേമനിധി ആക്ട് നിലവിൽ വന്ന 2019 ഡിസംബർ 20 ന് 56 വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും 65 വയസ്സ വരെ ക്ഷേമനിധിയിൽ അംഗമാകുന്നതിന് അർഹത ഉണ്ടായിരിക്കും. വാർഷിക വരുമാനം അഞ്ചു ലക്ഷം രൂപയിൽ കവിയാത്ത **3** വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവന മാർഗ്ഗമായിരിക്കുന്ന കർഷകർക്ക് ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാം. കേരള കർഷക ക്ഷേമനിധി ബോർഡ് പദ്ധതിയിൽ അംഗങ്ങൾ ചേരുന്നത് തുടർന്നു കൊണ്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | കൃഷി ഭവൻറെ പേര് | നിലവിലുള്ള കർഷക പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം | | |
|---|---|---|---|---|
| | | കർഷക പെൻഷൻ | പ്രധാന മന്ത്രി കൃഷി സമ്മാൻ നിധി | കേരള കർഷക ക്ഷേമനിധി ബോർഡ് |
| 1 | ആനക്കര | 238 | 2695 | 24 |
| 2 | ചാലിശ്ശേരി | 227 | 2069 | 1 |
| 3 | കപ്പൂർ | 349 | 2730 | 2 |
| 4 | നാഗലശ്ശേരി | 108 | 3250 | 5 |
| 5 | പട്ടിത്തറ | 294 | 2436 | 1 |
| 6 | തിരുമിറ്റക്കോട് | 320 | 2657 | 10 |
| 7 | തൃത്താല | 228 | 2201 | 2 |
| 8 | പരുതൂർ | 370 | 2700 | 1 |
| | **ആകെ** | 2134 | 20738 | 45 |

## 2. കാർഷിക വിജ്ഞാന വ്യാപനം

കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ സാധാരണക്കാരായ കർഷകരിലേക്കെത്തിക്കുന്നതി നായി ATMA, LEADS CHM, AKC, പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പദ്ധതികളിലൂടെ കാർഷിക മേഖലയിലും അനുബന്ധ മേഖലകളിലും വിവിധ കർഷക പരിശീലന പരിപാടികൾ, കൃഷി, പാഠശാലകൾ, കർഷക പഠനയാത്രകൾ എന്നിവ സംഘടിപ്പിച്ചു പോരുന്നു. കർഷകരുടെ കൃഷി യിടങ്ങൾ സന്ദർശിക്കുകയും കാർഷിക ഗവേഷണ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തി പ്രശ്ന പരിഹാരങ്ങൾ കാണാനും ഈ പദ്ധതികൾ വഴി കഴിയുന്നു. കർഷകസഭകൾ ,ഞാറ്റുവേല ചന്തകൾ എന്നിവയും എല്ലാ പഞ്ചായത്തുകളിലും പ്രവർത്തിക്കുന്നുണ്ട്














**കർഷക പരിശീലന പരിപാടികളും പഠനയാത്രകളും**



കൃഷിപാഠശാല



AKC ഫീൽഡ് വിസിറ്റ്

## 3.കാർഷിക വിപണന സാധ്യതകൾ

കർഷകരെ കൃഷി ചെയ്യുന്നതിൽ സഹായിക്കുന്നതോടൊപ്പം അവരുടെ ഉത്പന്നങ്ങൾ നല്ല വിലയ്ക്ക് വിപണനം സാധ്യമാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തൃത്താല നിയോജക മണ്ഡലത്തിൽ **6** ആഴ്ച ചന്തകളും **5** എ-ഗ്രേഡ് ക്ലസ്റ്ററുകളും **4** എക്കോഷോപ്പുകളും ഒന്നു വീതം




FPO യും FEO യും കൃഷി വകുപ്പിൻറെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കാർഷിക വിളകളായ നെല്ല്, പടവലം,പാവൽ, പയർ, മരച്ചീനി എന്നിവക്ക് സംസ്ഥാന സർക്കാർ നിശ്ചയിച്ച തറ വില പ്രകാരം സപ്ലൈ കൊ / ഹോർട്ടി കോർപ്/ വി. എഫ് പി .സി. കെ എന്നിവ വഴി സംഭരിക്കുന്നു. തൻമൂലം കർഷകർക്ക് ന്യായ വില ഉറപ്പാക്കുന്നു. കൂടാതെ എല്ലാ പഞ്ചായത്തുകളിലും ഓണച്ചന്ത , വിഷു ചന്ത, ആഴ്ച ചന്ത എന്നിവയും കൃഷി വകുപ്പ് നടപ്പിലാക്കുന്നത് വഴി വിപണിയിൽ ഉത്സവകാലത്ത് വില പിടിച്ചു നിർത്തുന്നതിനും കർഷകർക്ക് മികച്ച വില ഉറപ്പാക്കുന്നതിനും സഹായിക്കുന്നു.




കർഷക സഭയും ഞാറ്റുവേല ചന്തകളും











## കാർഷിക വിപണികൾ

| ക്രമ നമ്പർ | കൃഷി ഭവൻറെ പേര് | ആഴ്ച ചന്ത | എ-ഗ്രേഡ് ക്ലസ്റ്റർ | എക്കോ ഷോപ്പ് | FPO | FEO |
|---|---|---|---|---|---|---|
| 1 | ആനക്കര | 0 | 1 | 0 | 0 | 1 |
| 2 | ചാലിശ്ശേരി | 1 | 1 | 0 | 1 | 0 |
| 3 | കപ്പൂർ | 1 | 1 | 1 | 0 | 0 |
| 4 | നാഗലശ്ശേരി | 1 | 0 | 1 | 0 | 0 |
| 5 | പട്ടിത്തറ | 1 | 1 | 1 | 0 | 0 |
| 6 | തിരുമിറ്റക്കോട് | 1 | 0 | 0 | 0 | 0 |
| 7 | തൃത്താല | 0 | 1 | 1 | 0 | 0 |
| 8 | പരുതൂർ | 1 | 0 | 0 | 0 | 0 |
| | **ആകെ** | 6 | 5 | 4 | 1 | 1 |

## 4. ഭാരതപ്പുഴയുടെ തീരത്തെ പച്ചക്കറി കൃഷി





ഭാരതപ്പുഴയുടെ ഇരുകരകളിലുമായി ഏകദേശം 22 കി..മീ.തീരത്ത് പച്ചക്കറിക്കൃഷിക്ക് വിപുലമായ സാധ്യതകളാണുള്ളത്. ഭാരതപ്പുഴയിലെ ജലനിരപ്പ് കുറഞ്ഞതോടെ പുഴയിൽ വെള്ളമില്ലാത്തിടത്ത് പച്ചക്കറി കൃഷി ഇറക്കിയിരിക്കുക യാണ് കർഷകർ. പുഴയിലെ ചെളി നിറഞ്ഞ മണൽ പ്രദേശമാണ് ഇത്തരത്തിൽ പച്ചക്കറി കൃഷിക്കായി തെരഞ്ഞെടുക്കുന്നത്. വിവിധ സംഘങ്ങളായി തിരിഞ്ഞ് സ്ഥലം വേലി കെട്ടിത്തിരിച്ചാണ് കൃഷി ചെയ്യുന്നത്. മെയ് അവസാ നമാകുമ്പോഴേക്കും രണ്ട് വിളവെടുക്കാമെന്ന പ്രതീക്ഷയിലാണ് കർഷക കൂട്ടായ്മ.കളും. ഭൂരഹിത കർഷകരും.



**ആനക്കരയിലെ തണ്ണിമത്തൻ കൃഷി**

## 5. കൃഷി വകുപ്പിലൂടെ തുത്താല നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതി | വകയിരുത്തിയ തുക(ലക്ഷം)( ഏകദേശം) | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | സമഗ്ര നെൽകൃഷി വികസനം | 140 | കൃഷി വകുപ്പ് |
| 2 | കാർഷിക വൈദ്യുതി സൗജന്യം | 120 | കൃഷി വകുപ്പ് |
| 3 | സമഗ്ര പച്ചക്കറി കൃഷി വികസനം | 40 | കൃഷി വകുപ്പ് |
| 4 | മണ്ണ് ആരോഗ്യ പരിപാലനം | 45 | കൃഷി വകുപ്പ് |
| 5 | വിള ആരോഗ്യ പരിപാലനം | 2.31 | കൃഷി വകുപ്പ് |
| 6 | വിള ഇൻഷുറൻസ് | ആവശ്യാനുസരണം | കൃഷി വകുപ്പ് |
| 7 | പ്രകൃതി ക്ഷോഭം | ആവശ്യാനുസരണം | കൃഷി വകുപ്പ് |
| 8 | ഓണം / വിഷു വിപണി | 5.85 | കൃഷി വകുപ്പ് |
| 9 | വിവിധ രാഷ്ട്രീയ കൃഷി വികാസ് യോജന | 110 | കൃഷി വകുപ്പ് |
| 10 | കർഷക പെൻഷൻ | 410 | കൃഷി വകുപ്പ് |
| 11 | PMKISAN | 1240 | കൃഷി വകുപ്പ് |
| 12 | പാഡി റോയൽറ്റി | 30 | കൃഷി വകുപ്പ് |
| 13 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ പദ്ധതികൾ | 16 | കൃഷി വകുപ്പ് |
| 14 | കാർഷിക യന്ത്ര വൽക്കരണം | ആവശ്യാനുസരണം | |
| 14 | പരമ്പരാഗത കൃഷി വികാസ് യോജന | 50 | കൃഷി വകുപ്പ് |
| 15 | ഭാരതീയ പ്രകൃതി കൃഷി പദ്ധതി | 26 | കൃഷി വകുപ്പ് |
| 16 | ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി | 8 | കൃഷി വകുപ്പ് |
| 17 | വിവിധ ആത്മ പദ്ധതികൾ | 8 | കൃഷി വകുപ്പ് |
| 18 | ബ്ളോക്ക് പഞ്ചായത്ത് പദ്ധതികൾ | 40 | ബ്ളോക്ക് പഞ്ചായത്ത് |
| 19 | ഗ്രാമ പഞ്ചായത്ത് പദ്ധതികൾ | 400 | ഗ്രാമ പഞ്ചായത്ത് |
| | **ആകെ** | 2691.16 | |

## 19. കാർഷിക മേഖലയിലെ നിർദ്ദേശങ്ങൾ

### 1.നെൽകൃഷിയിൽ രണ്ടാംവിള കൃഷി ചെയ്യുന്ന മുഴുവൻ വയലുകളിലും ഒന്നാംവിള കൃഷി കൂടി ഇറക്കുന്നതിനുള്ള പ്രോത്സാഹനം

തൃത്താല നിയോജക മണ്ഡലത്തിൽ 8 പഞ്ചായത്തുകളിലായി 2500 –2800 ഹെക്ടറിൽ രണ്ടാംവിള കൃഷി ചെയ്യുന്നു. എന്നാൽ ഒന്നാം വിള വെറും 500 ഹെക്ടറിൽ താഴെ മാത്രമാണ് കൃഷി ചെയ്യുന്നത്. കർഷകരെ ഒന്നാംവിള യിലേക്ക് തിരികെ കൊണ്ടു വരുന്നതിനും ഉത്പാദനം ഇരട്ടിയാക്കുന്നതിനും പ്രോത്സാഹനം നൽകേണ്ടതുണ്ട്.. കൂടാതെ പാടത്തു നിന്ന് തന്നെ ഒന്നാം വില നെല്ല് സംഭരണം സപ്ലൈകോ നിർവഹിക്കുന്നതിന് സർക്കാർ തലത്തിൽ നിർദ്ദേശം നൽകേണ്ടതുണ്ട് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകേണ്ടതുണ്ട്

## മുഴവൻ വയലേലകളിലും ഇരുപ്പൂവ് നെൽകൃഷി വ്യാപകമാക്കുന്നത് ലക്ഷ്യമാക്കി പാടശേഖരാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ

### കൃഷി ഭവൻ ആനക്കര

| ക്രമ നമ്പർ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|
| 1 | പെരുമ്പലം-മേലഴിയം | ട്രാക്ടർ ഇറക്കുന്നതിനു സൗകര്യമൊരുക്കുക. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. | MGNREGS/ MI |
| 2 | കുമ്പിടി | തോട് പുനഃരുദ്ധാരണം, ഉമ്മത്തൂർ ലിഫ്റ്റ് ഇറിഗേഷനിൽ നിന്ന് വെള്ളം ലഭ്യമാക്കുക. | MGNREGS/ MI |
| 3 | ഉമ്മത്തൂർ | തോട് പുനഃരുദ്ധാരണം. വിരിപ്പ് സമയത്ത് പാടങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. | MGNREGS/ MI |
| 4 | മുത്തു വിളയും കുന്ന് | കുട്ടക്കടവ് ഇറിഗേഷൻ കനാൽ നവീകരിച്ച് പ്രവർത്തനക്ഷമമാക്കണം. കൃഷിക്ക് മെഷിനറി ഉപയോഗിക്കാൻ സാധിക്കണം | MGNREGS/ MI |
| 5 | മണ്ണിയം പെരുമ്പലം | കുട്ടക്കടവ് ഭാഗത്ത് തടയണ നിർമ്മാണം. ഇറിഗേഷൻ സൗകര്യം വിപുലീകരിക്കണം | MGNREGS/ MI |
| 6 | കുടല്ലൂർ- കുട്ടക്കടവ് | കുട്ടക്കടവ് ഭാഗത്ത് തടയണ നിർമ്മാണം, കുട്ടക്കടവ് പമ്പ് ഹൗസിലെ മോട്ടോർ റിപ്പയർ ചെയ്യുകയും പൈപ്പുകൾ മാറ്റുകയും കേടുപാടുകൾ തീർക്കുകയും വേണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. | MGNREGS/ MI |
| 7 | ആനക്കര-മേപ്പാടം | തലക്കുളം പുനഃരുദ്ധാരണം, ഉമ്മത്തൂർ കുമ്പിടി ആനക്കര മെയിൻ റോഡിൻറെ സൈഡിലൂടെ പൈപ്പ് സ്ഥാപിച്ച് വലിയ മോട്ടോർ സ്ഥാപിച്ച് വെള്ളം പാടശേഖരത്തിൽ എത്തിക്കുക. | MGNREGS/ MI |
| 8 | നയ്യൂർ-വരട്ടിപ്പള്ളിയാലൽ | തലക്കുളം പുനഃരുദ്ധാരണം | MGNREGS/ MI |
| 9 | പന്നിയൂർ-മുണ്ടക്കോട് | പരപ്പൻ തോട് ആഴം കൂട്ടി സൈഡ് കെട്ടുക,പന്നിയൂർ തുറയിൽ മോട്ടോർ സ്ഥാപിക്കുക.പരപ്പൻ തോട് മുഖത്ത് പുഴയിൽ പമ്പ് ഹൗസ് നിർമ്മിച്ച് വേനലിൽ വെള്ളം പമ്പ് ചെയ്താൽ മൂന്നാംവിള കൃഷി ചെയ്യാൻ സാധിക്കും. | MGNREGS/ MI |
| 10 | മലമക്കാവ്-ചെർളപ്പാടം | പട്ടിത്തറ പമ്പ് ഹൗസ് തോട് പുനഃരുദ്ധാരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | പാലിശ്ശേരി | പെരുമണ്ണൂർ പാടശേഖര സമിതി | നായരുകുളം , കാട്ടികുളം ,വലിയകുളം നവീകരണം, ട്രാക്ടർ റാമ്പ്, തൃത്താല മണ്ഡലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം തുടങ്ങണം | MGNREGS/ MI+ബ്ലോക്ക് പഞ്ചായത്ത് / കൃഷി വകുപ്പ് |
| 2 | | പാലക്കൽ പാട ശേഖരസമിതി | ഉപ്പിലാകുളം നെല്ലികുളം എന്നിവയ്ക്ക് പൊതുവായി ഒരു 10 H.P പമ്പ് സെറ്റ് സ്ഥാപിക്കുക പാലക്കപീടിക പാറപ്പുറം തോട് നവീകരണം വരത്തോട് തോട് നവീകരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 3 | പാലിശ്ശേരി | ഹരിത പാട ശേഖരസമിതി | തുമ്പിലക്കാഴ തോട് നവീകരണം കവുക്കോട് പാടത്തിനടുത്തുള്ള പഞ്ചായത്ത് കുളം മദ്രസ പാടത്തിനടുത്തുള്ള കുളം എന്നിവ രണ്ടിലും 5 HP പമ്പ് സെറ്റ് സ്ഥാപിക്കുക. തൃത്താല മണ്ഡലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം തുടങ്ങണം | MGNREGS/ MI ബ്ലോക്ക് പഞ്ചായത്ത് / കൃഷി വകുപ്പ് |
| 4 | | കരുണ പാട ശേഖരസമിതി | പട്ടിശ്ശേരി പ്രാണി സ്കൂൾ തോട് നവീകരണം തുറക്കുളം നവീകരണം പട്ടിശ്ശേരി വിഷ്ണു അമ്പലത്തിനടുത്ത് നിന്ന് പുതിയ തോട് നിർമ്മാണം. തൃത്താല മണ്ഡലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം തുടങ്ങണം. | MGNREGS/ MI ബ്ലോക്ക് പഞ്ചായത്ത് / കൃഷി വകുപ്പ് |
| 5 | | പൊന്മണി പാട ശേഖരസമിതി | ചാണ്ണക്കുഴിത്താഴം തോട് നവീകരണം മടക്കാട്ട്ത്താഴം തോട് നവീകരണം, മാടക്കാട്ടുകുളം, കുരുങ്കാട്ടിലെ കുളം, മുണ്ടത്ത് വളപ്പിൽ കുളം എന്നിവയുടെ നവീകരണം | MGNREGS/ MI |
| 6 | | കോതമംഗലം പാട ശേഖരസമിതി | കൊക്കർണിക്കുളം,ഇരുപത്തഞ്ചിനിച്ചിറ എന്നിവയുടെ നവീകരണവും പമ്പ് സെറ്റ് സ്ഥാപിക്കലും. പാട ശേഖരത്തിലെ വിവിധ കുളങ്ങളും തോടുകളും നവീകരിച്ചാൽ മുഴുവൻ സ്ഥലത്തും ഒന്നാംവിള കൃഷി ചെയ്യുന്നതിന് സാധിക്കും. | MGNREGS/ MI |
| 7 | | കണ്ടംകുളം പാട ശേഖരസമിതി | കണ്ടംകുളം-വേലി തോട് നവീകരണം കണ്ടംകുളത്തെ പ്രധാന തോട് വീതി കൂട്ടണം വെള്ളക്കെട്ട് ഇല്ലാതാക്കണം . തൃത്താല മണ്ഡലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം തുടങ്ങണം | MGNREGS/ MI ബ്ലോക്ക് പഞ്ചായത്ത് / കൃഷി വകുപ്പ് |
| 8 | | കാക്കശ്ശേരി പാട ശേഖരസമിതി | കൊള്ളഞ്ചേരി തോട്ടിൽ വൈദ്യുതി കണക്ഷനും പമ്പ്സെറ്റും വേണം. തോട് ആഴം കൂട്ടി തടയണ കെട്ടി സംരക്ഷിച്ചാൽ മുഴുവൻ സ്ഥലത്തും ഒന്നാംവിളയും രണ്ടാംവിളയും ചെയ്യാൻ സാധിക്കും | MGNREGS/ MI |
| 9 | | അശ്വതി അമ്പലത്താഴം പാട ശേഖരസമിതി | കവുക്കോട് കുളക്കുന്ന് മുതൽ അമ്പലത്താഴം വരെയുള്ള തോട് നവീകരണം കവുക്കോടെ ആശാരിത്താഴം, മദ്രസ കവുക്കോട് ,ഒറ്റക്കാളി തോട് എന്നിവയുടെ റിപ്പയർ. | MGNREGS/ MI |
| 10 | | അന്നപൂർണ പാട ശേഖരസമിതി | ഷാഫി നഗർ റോഡ്,തെക്കേപ്പാട്ട് പാടം റോഡ് എന്ന റോഡുകൾ 50 മീറ്റർ കൂടി നീട്ടിയാൽ അന്നപൂർണ പാടത്തു 100 ഏക്കർ ഒന്നാംവിള | MGNREGS/ MI |

| | | | | |
|---|---|---|---|---|
| | | | ചെയ്യാം .കൂടാതെ ഫാം റോഡ് പാലം പൊട്ടിയത് റിപ്പയർ ചെയ്യണം. ജലസേചനത്തിന് പമ്പ് സെറ്റുകൾ വേണം. | |
| 11 | ചാലിശ്ശേരി | മേപ്പാടം പാട ശേഖരസമിതി | കോടിടിക്കുളത്തിനു ഓവുചാൽ നിർമ്മാണം ,തോട് നവീകരണം ,വല്യ കുളം നവീകരണം, റാമ്പ് റിപ്പയർ ,പുതിയ റാമ്പ് നിർമ്മാണം, തൃത്താല മണ്ഡലത്തിൽ ഒരു നെല്ല് സംഭരണ കേന്ദ്രം തുടങ്ങണം . | MGNREGS/ MI ബ്ലോക്ക് പഞ്ചായത്ത് / കൃഷി വകുപ്പ് |
| 12 | | കുളത്താണിത്താഴം പാട ശേഖരസമിതി | അവിഞ്ഞാൽ തോട് മുതൽ കണ്ടംകുളം തോട് വരെ ഏകദേശം 1.5 km വീതി കൂട്ടി തോട് നവീകരണം. വിവിധ കുളങ്ങളുടെ നവീകരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | കപ്പൂർ | കുമരനെല്ലൂർ | മാവറ ,നീലിയാട് തോടിൽ നിന്നും മണ്ണ് മാറ്റി തോട് വീതി കൂട്ടണം,കാട് മൂടിക്കിടക്കുന്ന തോടിൻറെ ഭാഗം വൃത്തിയാക്കണം | MGNREGS/ MI |
| 2 | | കൊള്ളത്തൂർ | പള്ളിക്കുളം,പറയകുളം,എരഞ്ഞിക്കുളം,തണലാട്ടുകുളം–പുനഃരുദ്ധാരണം. ജലസേചന സംവിധാനം ഒരുക്കുക,കുളങ്ങൾ,തോടുകൾ എന്നിവ തൊഴിലുറപ്പ പദ്ധതിയുമായി ബന്ധപ്പെടുത്തി വൃത്തിയാക്കുക. | MGNREGS/ MI |
| 3 | | പുതുക്കോട് | റാമ്പ് ട്രാക്ടർ,ജെസിബി ഉപയോഗിച്ച് മണ്ണ് മാറ്റേണ്ടതുണ്ട് . | MGNREGS/ MI |
| 4 | | പള്ളങ്ങാട്ടുചിറ | പള്ളങ്ങാട്ട് ചിറ തോട് നവീകരണവും പുനഃരുദ്ധാരണവും | MGNREGS/ MI |
| 5 | | അമ്പലവട്ടം വെള്ളാളൂർ | പെരുംകുളങ്ങര കുളം പുനഃരുദ്ധാരണം കൃഷിക്കാവശ്യമായ ജലം ലഭ്യമാക്കണം | MGNREGS/ MI |
| 6 | | ചെക്കോട് | വെള്ളക്കെട്ട് തടയുന്നതിന് മണ്ണ് എടുത്തു മാറ്റണം ,ചെക്കോട് തോട് പുനഃരുദ്ധാരണം, കൊയ്ത നെല്ല് കൊണ്ട് വരുന്നതിനു പാടശേഖരത്തിൽ നിന്നും റോഡ് ഉണ്ടാക്കണം. | MGNREGS/ MI |
| 7 | | കല്ലടത്തൂർ | റാമ്പ്, തോട് അറ്റകുറ്റപ്പണി ചെയ്യണം, പാടശേഖര ങ്ങൾക്ക് നെല്ല് ഉണക്കാൻ ഡ്രൈയർ അനുവദിക്ക ണം | MGNREGS/ MIകൃഷി വകുപ്പ് |
| 8 | | നയ്യൂർ | പറക്കുളം,പുത്തൻകുളം,വെച്ചൂർ തോട് പുനരുദ്ധാരണം, പന്നിശല്യം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം | MGNREGS/ MI |
| 9 | | അമേറ്റിക്കര | കണ്ടൻചിറക്കുളം,തോട് പുനഃരുദ്ധാരണം. തോട്ടപാടം റോഡ് ഇരുകരകളും കെട്ടി വൈദ്യുതി ലഭ്യമാക്കണം. പാടശേഖരങ്ങളിൽ ഏകീകൃത കൃഷി പ്രോത്സാഹിപ്പിക്കണം | MGNREGS/ MI കൃഷി വകുപ്പ് |
| 10 | | ഞാവലുംകാട് | ചോലക്കുളം, തോട് പുനഃരുദ്ധാരണം , റാമ്പ് നിർമ്മാണം | MGNREGS/ MI |

| | | | | |
|---|---|---|---|---|
| 11 | | കപ്പൂർ | കപ്പർ പാടം തോട്,പള്ളിത്തോട് പുനരുദ്ധാരണം, ജലസേചനത്തിനുള്ള തോട് വൃത്തിയാക്കി കുളങ്ങൾ വൃത്തിയാക്കി ജലസേചന സംവിധാനം ഒരുക്കുക | MGNREGS/ MI |
| 12 | | എറവക്കാട് | പെരിയംകുളം,കുണ്ടിൽപ്പാടം തോട് പുനഃരുദ്ധാര ണം. പെരിയംകുളത്തിന് പൊതു പമ്പ് സെറ്റും കണക്ഷനും സംവിധാനം ഒരുക്കണം . പന്നിശല്യം ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം | MGNREGS/ MI |
| 13 | | കൊഴിക്കര | റാമ്പ് ട്രാക്ടർ ഇറക്കുന്നതിന് അറ്റകുറ്റപ്പണി ചെയ്യണം, കുണ്ടിൽപ്പാടം കൈത്തോട് പുനഃരുദ്ധാരണം. നെല്ല് ഉണക്കുന്നതിന് പാടശേഖരത്തിൽ ഡ്രയർ സംവിധാനം ഒരുക്കണം. | MGNREGS/ MI<br>കൃഷി വകുപ്പ് |
| 14 | | വടക്കേ വെള്ളാളൂർ | കരക്കുന്ന് തോട് പുനഃരുദ്ധാരണം | MGNREGS/ MI |
| 15 | | പൂണ്ടൂൽ | പുന്നൂർക്കുളം,അമേറ്റിക്കര പടിഞ്ഞാറ് പാടംകുളം പുനഃരുദ്ധാരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | നാഗലശ്ശേരി | വാഴക്കാട് | ഉണ്ടേരിച്ചിറ, വാഴക്കാട് ചിറ, കുറുത്തിച്ചാൽ ചിറ, കുറുവാടി കുളം,നീരട്ടിക്കുളം,ഇങ്കത്ത് പാടം പുനഃരുദ്ധാരണം, തോട് താഴ്ത്തി വെള്ളം നില നിർത്താനുള്ള സൗകര്യം ഒരുക്കണം. കാട്ടുപന്നിയുടെ ശല്യത്തിന് പരിഹാരം കാണണം | MGNREGS |
| 2 | | വാവന്നൂർ | രാമച്ചിറം കുളം മുതൽ കോമംഗലം വരെ ആഴം കൂട്ടി സൈഡ് കെട്ടൽ, കൈപ്പഞ്ചേരിക്കുളം,പുത്തൻകുളം, തലക്കുളം ,ഇട്ടിരിക്കുളം നവീകരണം, നെല്ല് സംഭരണം സമയ ബന്ധിതമാക്കണം | MGNREGS/ MI<br>കൃഷി വകുപ്പ് |
| 3 | | ചാൽപ്രം | ചാത്തൻകുളം - നെല്ലുവായ്, പച്ചിലത്തോട് ആഴം കൂട്ടി പടുക്കൽ ,കട്ടിൽ മാടം കോയംകാവ് തോട് ആഴം കൂട്ടൽ, രാമൻ ചിറക്കുളം ,കോരൻ ചിറക്കുളം നവീകരണം, നെല്ല് സംഭരണം സമയ ബന്ധിതമാക്കണം | MGNREGS/ MI<br>കൃഷി വകുപ്പ് |
| 4 | | ചെറു ചാൽപ്രം | വെണ്ണയംകോട് മുതൽ അമേരിക്കൻ പടി പുതിയ തോട് നിർമ്മിക്കൽ നിലവിലുള്ള തോട് സംരക്ഷിക്കൽ ചെണ്ടാട്ടിൽ ചാലായി തോട് സൈഡ് കെട്ടി സംരക്ഷിക്കൽ, ഉള്ളന്നൂർ ക്കുളം,ചോലക്കുളം നവീകരണം, പാടശേഖരത്തിൽ ഉൾപ്പെ ടുന്ന പൊതു കുളങ്ങൾ, സ്വകാര്യ കുളങ്ങൾ, തോട് എന്നിവ ശരിയാക്കണം .വന്യമൃഗ ശല്യത്തിന് പരിഹാരം കാണണം. | MGNREGS/ MI |
| 5 | | തെരമംഗലം | പൂക്കുഴിക്കുളം,നരിയറക്കുളം പുനഃരുദ്ധാരണം, തോട് പുനഃരുദ്ധാരണം ,റാമ്പ് നിർമ്മാണം, വന്യമൃഗ ശല്യത്തി ന് പരിഹാരം കാണണം. | MGNREGS/ MI |
| 6 | | ഉരച്ചാണ്ടൂർ | ഉരച്ചാണ്ടൂർ തോട് മുതൽ വെള്ളാം കുണ്ട് വരെ തോട് സൈഡ് കെട്ടൽ, മഞ്ഞപ്പറ്റ മുതൽ കൈതക്കുണ്ട് വരെ സൈഡ് കെട്ടൽ,ഇറ്റാം കുളം നവീകരണം, വന്യമൃഗ ശല്യത്തിന് പരിഹാരം കാണണം. | MGNREGS/ MI |

| | | | | |
|---|---|---|---|---|
| 7 | | നെല്ലിക്കുളം | നരിക്കുഴി തോട് മണ്ണ് മാറ്റി ആഴം കൂട്ടി സൈഡ് കെട്ടൽ, നെല്ലിക്കുളം ,മണ്ണംകുളം, പൂതക്കുളം പുനഃരുദ്ധാരണം, വന്യമൃഗ ശല്യത്തിന് പരിഹാരം കാണണം, നെല്ല് സംഭരണം സമയ ബന്ധിതമാക്കണം. | MGNREGS/ MI |
| 8 | | നാങ്കുളം | ചാമി തോട് സംരക്ഷണം, ഇലക്ട്രിക്കൽ പോസ്റ്റ് സ്ഥാ പിക്കൽ, നാങ്കുളം ,ഏലാഞ്ചിക്കുളം പുനഃരുദ്ധാരണം, വ ന്യമൃഗ ശല്യത്തിന് പരിഹാരം കാണണം. വളം സമയ ബന്ധിതമായി ലഭ്യമാക്കണം. | MGNREGS/ MI |
| 9 | | കോതക്കുളം | ഇറകുളം മുതൽ ആലിക്കര കോതച്ചിറ റോഡ് വരെ തോട് വീതി കൂട്ടി സൈഡ് കെട്ടി സംരക്ഷണം, കോത കുളം റോഡ് മുതൽ ബാലവാടി ചിറക്കൽപ്പടി റോഡ് വരെ ചെറിയ തോട് വൃത്തിയാക്കി സൈഡ് കെട്ടൽ, കോതക്കുളം,ഇറക്കുളം, പുത്തൻകുളം പുനഃരുദ്ധാരണം | MGNREGS/ MI |
| 10 | | ആമക്കാവ് | പാപ്പിയം കുളം തോട് മുതൽ വേലൻ പ്ലാവ് വരെ മണ്ണ് മാറ്റി സൈഡ് കെട്ടി വീതി കൂട്ടൽ, തറമ്മൽക്കുളം, മാനംകുളം കോഴിക്കുളം പുനഃരുദ്ധാരണം, നെല്ല് സംഭരണം സമയ ബന്ധിതമാക്കണം. | MGNREGS/ MI |
| 11 | | തൊഴുക്കാട് | കണ്ണൻകുളം പാടം മുതൽ കാലടി അമ്പലം വരെ മണ്ണ് മാറ്റി ആഴം കൂട്ടൽ , സൈഡ് കെട്ടൽ ,കണ്ണൻകുളം, പാപ്പിയൻകുളം പുനഃരുദ്ധാരണം . | MGNREGS/ MI |

| നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | പട്ടിത്തറ | ആര്യംപാടം | പട്ടിത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് സെറ്റ് കപ്പാസിറ്റി വർദ്ധിപ്പിക്കണം .തന്മൂലം 400 ഏക്കർ ഒരുപൂവ് നെൽകൃഷി (മുണ്ടകൻ വിള ) ഇരുപൂവ് നെൽകൃഷി (മുണ്ടകൻ വിള+പുഞ്ച )ആക്കി വർധിപ്പിക്കാൻ സാധിക്കും. | MGNREGS/ MI |
| 2 | | ചെർളപ്പാടം | കാശാവ് തോട് നവീകരണം | MGNREGS/MI |
| 3 | | ചേറാം ചിറ | ചേറാംചിറകുളം, ചാത്തൻകുളം നവീകരണം തോട് പുനഃരുദ്ധാ രണം | MGNREGS/ MI |
| 4 | | ഹരിത ഒതളൂർ | പൊതുകുളമായ ഞാൻകുളം താഴ്ത്തൽ | MGNREGS/ MI |
| 5 | | കക്കാട്ടിരി | പുളിയപ്പറ്റ കായലിന്റെ മധ്യഭാഗത്തെ കനാൽ നവീകരണം | MGNREGS/ MI |
| 6 | | കോട്ടപ്പാടം | ചേറാം ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പുളിമ്പറ്റ കായൽ വറ്റിച്ച് ആ വെള്ളം നെൽകൃഷിക്ക് ഉപയോഗിക്കാം | MGNREGS/ MI |
| 7 | | ഒതളൂർ | തേൻകുളം പുനഃരുദ്ധാരണം 5 hp പമ്പ് സെറ്റ് സ്ഥാപിക്കൽ ,തോട് പുനഃരുദ്ധാരണം . പട്ടിത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് സെറ്റ് കപ്പാസിറ്റി വർദ്ധിപ്പിക്കണം .തന്മൂലം 400 ഏക്കർ ഒരുപൂവ് നെൽകൃഷി (മുണ്ടകൻ വിള ) ഇരുപൂവ് നെൽകൃഷി (മുണ്ടകൻ വിള+പുഞ്ച )ആക്കി വർധിപ്പിക്കാൻ സാധിക്കും. | MGNREGS/ MI |
| 8 | | പട്ടിക്കായൽ | വെള്ളം വറ്റിക്കുന്നതിനുള്ള പമ്പ് സെറ്റ് 20 HP ) സ്ഥാപിക്കൽ | MGNREGS/ MI |

| | | | | |
|---|---|---|---|---|
| 9 | | പട്ടിപ്പാടം ഈസ്റ്റ് | പട്ടിത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് സെറ്റ് കപ്പാസിറ്റി വർദ്ധിപ്പിക്കണം .തന്മൂലം 400 ഏക്കർ ഒരുപൂവ് നെൽകൃഷി (മുണ്ടകൻ വിള ) ഇരുപൂവ് നെൽകൃഷി (മുണ്ടകൻ വിള+പുഞ്ച )ആക്കി വർധിപ്പിക്കാൻ സാധിയ്ക്കും. | MGNREGS/ MI |
| 10 | | പട്ടിപ്പാടംവെസ്റ്റ് | പട്ടിത്തറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പമ്പ് സെറ്റ് കപ്പാസിറ്റി വർദ്ധിപ്പിക്കണം .തന്മൂലം 400 ഏക്കർ ഒരുപൂവ് നെൽകൃഷി (മുണ്ടകൻ വിള ) ഇരുപൂവ് നെൽകൃഷി (മുണ്ടകൻ വിള+പുഞ്ച )ആക്കി വർധിപ്പിക്കാൻ സാധിയ്ക്കും | MGNREGS/ MI |
| 11 | | തലക്കശ്ശേരി | ഒന്നാംവിള നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിന് ക്യാമ്പയിൻ മോഡൽ പ്രവർത്തനം നടപ്പിലാക്കണം.. | കൃഷി വകുപ്പ് |
| 12 | | വട്ടേനാട് | ഒന്നാംവിള നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിന് ക്യാമ്പയിൻ മോഡൽ പ്രവർത്തനം നടപ്പിലാക്കണം. | കൃഷി വകുപ്പ് |
| 13 | | വേങ്ങശ്ശേരി | ഒന്നാംവിള നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിന് ക്യാമ്പയിൻ മോഡൽ പ്രവർത്തനം നടപ്പിലാക്കണം. | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | തിരുമിറ്റക്കോട് | രായമംഗലം | കോഴിക്കാട്ടിരി തോട് റീസർവ്വേ ചെയ്യണം ,കോഴിക്കാട്ടിരി തോട് വീതി കൂട്ടി നവീകരണം .പ്രധാന പ്രശ്നം വെള്ളപ്പൊക്കം കാരണം നെൽകൃഷി നശിക്കുന്നു. വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ വെള്ളം ഒഴിവാക്കാൻ വേണ്ട | MGNREGS/ MI |
| 2 | | തിരുമിറ്റക്കോട് വെസ്റ്റ് | ഇറിഗേഷൻ കനാലിൽ വെള്ളം സ്റ്റോർ ചെയ്യണം.പുഴയുടെ തീരത്ത് നിന്നുമുള്ള കനാൽ 75 മീറ്റർ വരെ നവീകരണം പാടത്തോട് ചേർന്നുള്ള പട്ടാമ്പി റോഡിന് കൽവെർട്ട് വേണം | MGNREGS/ MI |
| 3 | | ഇട്ടോണം | ഇട്ടോണ പടത്തിന്റെ മധ്യേ പോകുന്ന കുര്യാട് തോട് നവീകരണം പറയനട തോട് നവീകരണം, അയിനിക്കുളം നവീകരണം കുഞ്ഞാവ പാടത്തേയ്ക്ക് പോകുന്ന റോഡ് നവീകരണം, 3 റാമ്പ് | MGNREGS/ MI |
| 4 | | തിരുമിറ്റക്കോട് ഈസ്റ്റ് | പള്ളിക്കൽ കുളം നവീകരണം ആഞ്ഞൂർ കനാൽ ബണ്ടിൽ 2 റാമ്പ് ആവശ്യമുണ്ട്. 1 ഹെക്ടർ തരിശു ഭൂമി ,ഓട്ടുപാറക്കുന്ന് മുതൽ പള്ളിക്കൽ പാടത്തേക്ക് പോകുന്ന റോഡ് നവീകരണം,1 റാമ്പ് | MGNREGS/ MI |
| 5 | | കറുക പുത്തൂർ | കറുക പുത്തൂർ റോഡ് മുതൽ പാടത്തേക്ക് കനാലിൽ വെള്ളം കെട്ടി നിൽക്കുന്ന ചാല് നവീകരണം,തച്ചംകുളം നവീകരണം നാരയണച്ചിറ തോട് സൈഡ് കെട്ടി നവീകരണം ,റാമ്പ് സ്ഥാപിക്കണം, കൊയ്ത്ത് യന്ത്രം ഇറങ്ങാനുള്ള സജ്ജീകരണം. കള ശല്യം നിയന്ത്രിക്കുന്നതിന് | MGNREGS/ MI കൃഷി വകുപ്പ് |
| 6 | | പെരിങ്ങന്നൂർ | തച്ചേത്തോട് മുതൽ കക്കാത്തോട് വരെ സൈഡ് കെട്ടി നവീകരണം , ഇവയുടെ ആഴം കൂട്ടി ജലം സംരക്ഷിക്കുക. .ആഞ്ഞലം കുളം നവീകരണം കുട്ടൻ കുളം നവീകരണം പാടശേഖരത്തിന് 2 റാമ്പ് വേണം. 2 ഹെക്ടർ തരിശു ഭൂമിയുണ്ട്. സപ്ലൈകോ | MGNREGS/ MI കൃഷി വകുപ്പ് |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| | | | നെല്ല് സംഭരണം കൊയ്ത്ത് കഴിഞ്ഞാലുടൻ തന്നെ നടപ്പിലാക്കുക.. | |
| 7 | | പള്ളിപ്പാടം | പള്ളിപ്പാടം തോട് നവീകരണം,പമ്പ് സെറ്റ് വേണം 1 ഹെക്ടർ തരിശുഭൂമി .കുളങ്ങൾ നവീകരണം,റാമ്പുകൾ ആവശ്യമുണ്ട്. കർഷകർക്ക് കിണർ കുഴിക്കുന്നതിന് ഫണ്ട് അനുവദിക്കുക. ഉഴവു കൂലി ഒന്നാംവിളയ്ക്ക് കൂടി അനുവദിക്കുക | MGNREGS/ MI ബ്ലോക്ക് പഞ്ചായത്ത് |
| 8 | | അകിലാണം | കരിയപ്പാറ റോഡ് സൈഡ് കെട്ടി വെള്ളം സ്റ്റോർ ചെയ്യാനുള്ള നവീകരണം 2 റാമ്പ് ആവശ്യമുണ്ട്.പണ്ടാരക്കാവ് കുളം നവീകരണം. | MGNREGS/ MI |
| 9 | | ചെരിപ്പൂർ വെസ്റ്റ് | മേലങ്ങാടി കുറ്റിപ്പുളി റോഡിൽ റാമ്പ് വേണം.വേഡ് കുളം നവീകരണം,വെസ്റ്റ് പാടം മുതൽ ഈസ്റ് പാടം വരെ തോട് ആഴം കൂട്ടണം, നവീകരണം.ചിറക്കൽമുതൽ കുറ്റിപ്പുളി വരെ തോട് സൈഡ് കെട്ടി നവീകരണം. | MGNREGS/ MI |
| 10 | | മതുപ്പുള്ളി | അകിലാണ അമ്പലത്തിൽ നിന്നും പെന്നാറ പാടത്തേക്കുള്ള റോഡ് നവീകരണം കരേല് തോട്ടിൽ പാലം വേണം.മാറായ തോട്ടിൽ ഓവ് വേണം , പുഞ്ചപ്പാടം മുതൽ കക്കുഴി തോട് നവീകരണം 2 റാമ്പ് വേണം | MGNREGS/ MI |
| 11 | | ഒഴുവത്ര | കൊയ്ത്ത് യന്ത്രം ഇറങ്ങാനുള്ള 2 റാമ്പുകൾ വേണം ,സ്വകാര്യ വ്യക്തികളുടെ കൈതകുളം നവീകരണം ,കാക്കാതോട് മുതൽ കുര്യയാട് തോട് കയർ ഭൂവസ്ത്രം കെട്ടി നവീകരണം ,വെള്ളം സ്റ്റോർ ചീർപ്പ് ചായം വേണം | MGNREGS/ MI |
| 12 | | മലയകം | തലപ്പാലത്ത് ചിറ സൈഡ് കെട്ടി നവീകരണം ചാത്തനം പാടത്തേക്ക് റാമ്പ് വേണം ചിറയുടെ ചാല് നവീകരണം ,ചാത്തനം പാടം മുതൽ തോട്ടായ തോട് നവീകരണം,ആഴം കൂട്ടണം,2 ഹെക്ടർ തരിശു ഭൂമി കൃഷി യോഗ്യമാക്കണം . കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ വേണ്ട നടപടികൾ ചെയ്യണം. സപ്ലൈകോ നെല്ല് സംഭരണം കൊയ്ത്ത് കഴിഞ്ഞാലുടൻ തന്നെ നടപ്പിലാക്കുക. | MGNREGS/ MI |
| 13 | | നെല്ലിക്കാട്ടിരി | നെല്ലിക്കാട്ടിരി പാടശേഖരത്തിലെ പ്രധാന പ്രശ്നം വെള്ളപ്പൊക്കം കാരണം നെൽകൃഷി നശിക്കുന്നു കുരകുഴി തോട് മുതൽ പുഴയോട് ചേർന്ന ഭാഗം നവീകരണം, കോഴിക്കാട്ടിരി തോട് . | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 14 | | ഇരിങ്ങൂറ്റൂർ | ഇരിങ്കുറ്റൂർ തച്ചേത്തോട് മുതൽ തോണിക്കടവ് അമ്പലം വരെ തോട് ആഴം കൂട്ടി നവീകരണം 5 റാമ്പുകൾ വേണം.തച്ചേത്തോട് കുളം നവീകരണം.പാടത്തുള്ള കിണറുകൾ നവീകരണം 1 ഹെക്ടർ തരിശുഭൂമി കൃഷി യോഗ്യമാക്കണം. കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ വേണ്ട നടപടികൾ ചെയ്യണം. | MGNREGS/ MI |
| 15 | | ഏഴുമങ്ങാട് | കിഴക്കേപ്പാട്ട് കുളം നവീകരണം കോട്ടുചാല് തോട് സൈഡ് കെട്ടിനവീകരണം, 2 റാമ്പ് വേണം .2 ഹെക്ടർ തരിശു ഭൂമി , സർക്കാർ ഭൂമി 1 ഹെക്ടർ പച്ചക്കറി ചെയ്യാൻ സാധിക്കും | MGNREGS/ MI |
| 16 | | ചെരിപ്പൂർ ഈസ്റ്റ് | പറയമ്പാടം മുതൽ കക്കാ തോട് നവീകരണം തച്ചേത്തോട്ടു നവീകരണം ഇരിങ്കുറ്റൂർ റോഡ് മുതൽ കുരക്കുഴി പാടം വരെ ആഴം കൂട്ടി നവീകരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | തൃത്താല | മങ്ങാരം | കുമ്പ്ര തോടിൻറെ നവീകരണം. മങ്ങാരം കനാൽ കൈത്തോട് വരെ നീട്ടുക. കള നിയന്ത്രണത്തിന് ഫലപ്രദമായ മാർഗങ്ങൾ സ്വീകരിക്കണം | MGNREGS/ MI |
| 2 | | തൃത്താല | ഒന്നാംവിളയിൽ സപ്ലൈകോ സംഭരണം ( ഈർപ്പം നോക്കാതെ സംഭരിക്കണം). കൃത്യസമയത്ത് ജലസേചന മാർഗ്ഗങ്ങളുടെ നവീകരണം, സബ് കനാലുകളുടെ നവീകരണം, പുളിയമ്പറ്റ – കക്കാട്ടിരി കായൽ മുതൽ ചിറ്റപ്പുറം പാലം ( ഭാരതപ്പുഴ വരെ ) കുമ്പ്ര തോടിൻറെ അറ്റകുറ്റപ്പണികൾ, തേനാംപാറ പദ്ധതി പ്രാവർത്തികമാക്കുക. കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ വേണ്ട നടപടികൾ ചെയ്യണം. | MGNREGS/ MI |
| 3 | | തച്ചറക്കുന്ന് | ചയംകുളം നവീകരണം, ഇറിഗേഷൻ സൗകര്യം ലഭ്യമാക്കുക ചാലുകളും കൾവെർട്ടും നന്നാക്കി വെള്ളക്കെട്ട് ഒഴിവാക്കുക. കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ സൗരോർജ്ജവേലി സ്ഥാപിക്കുക | MGNREGS/ MI |
| 4 | | ഉള്ളന്നൂർ | ഒന്നാംവിള നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിന് ക്യാമ്പയിൻ മോഡൽ പ്രവർത്തനം നടപ്പിലാക്കണം. | MGNREGS/ MI |
| 5 | | വി.കെ കടവ് | സബ് കനാലുകളുടെ നവീകരണം, പന്നി,മുയൽ,മയിൽ എന്നിവയെ നിയന്ത്രിക്കാൻ വേണ്ട നടപടികൾ ചെയ്യണം. | MGNREGS/ MI |
| 6 | | കണ്ണന്നൂർ | കൈതക്കുളം നവീകരണം,മോട്ടോർ പമ്പ് സ്ഥാപിക്കൽ ,കണ്ണന്നൂർ ക്ഷേത്രത്തിൻറെ കിഴക്ക് പുഴയ്ക്കരികെ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുക . കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ സൗരോർജ്ജവേലി സ്ഥാപിക്കുക. | MGNREGS/ MI |
| 7 | | ഞാങ്ങാട്ടിരി വെസ്റ്റ് | സബ് കനാലുകളുടെ നവീകരണം, കാട്ടുപന്നിയുടെ ശല്യം നിയന്ത്രിക്കാൻ വേണ്ട നടപടികൾ ചെയ്യണം. തരിശുനിലം കൃഷി യോഗ്യമാക്കണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 8 | | ഞാങ്ങാട്ടിരി ഈസ്റ്റ് | ഓക്കു വഴിച്ചാൽ പുനഃരുദ്ധാരണം കാർഷികോപാധികൾ കൊണ്ടുവരാനുള്ള സൗകര്യം | MGNREGS/ MI |
| 9 | | ചാക്കുരുത്തി | മൂരിയാർ കിണർ നവീകരിച്ച് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുക | MGNREGS/ MI |
| 10 | | മേഴത്തൂർ | ഓടംമാക്ക പടിക്ക് സമീപം നവായയിൽ പാലം പുനഃരുദ്ധാരണം കൈതതോടിൻറെ നവീകരണം ഉണ്ണീൻകുട്ടി കനാലിന്റെ നവീകരണം | MGNREGS/ MI |
| 11 | | മുടവന്നൂർ | ചാക്കഴിക്കുളം,വലിയകുളം ഭസ്മക്കുളം എന്നിവയുടെ പുനഃരുദ്ധാര ണം, മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കൽ, ട്രാക്ടർ ഇറക്കാ നുള്ള റാമ്പു കൾ നിർമ്മിക്കുക. വന്യ മൃഗങ്ങളുടെ ശല്യം നിയന്ത്രിക്കാൻ സംരക്ഷണവേലികൾ നിർമ്മിക്കുക. തൊഴിലുറപ്പ് പദ്ധതി കൃഷിയിലേക്ക് പ്രയോജനപ്പെടുത്തുക. | MGNREGS/ MI |
| 12 | | കോടനാട് ഈസ്റ്റ് | തേനാംപാടം പദ്ധതിയുടെ പൂർത്തീകരണം | MGNREGS/ MI |
| 13 | | കോടനാട് സൗത്ത് | ചേനട്ടകുളം,മൂസ്സിൻറെ കുളം എന്നിവ നവീകരിച്ച് മോട്ടോർ പമ്പ് സെറ്റ്സ്ഥാപിക്കൽ | MGNREGS/ MI |
| 14 | | പുളിയമ്പറ്റ | ഒന്നാംവിള നെൽകൃഷിയിലേക്ക് കർഷകരെ ആകർഷിക്കുന്നതിന് ക്യാമ്പയിൻ മോഡൽ പ്രവർത്തനം നടപ്പിലാക്കണം. | MGNREGS/ MI |
| 15 | | പുനനിലം | ഹരിയൂർ ക്ഷേത്രക്കുളം നവീകരിച്ച് മോട്ടോർ പമ്പ് സെറ്റ്സ്ഥാപിക്കൽ | MGNREGS/ MI |
| 16 | | മാട്ടായ | അയ്യൻചാലിൻറെ നവീകരണം | MGNREGS/ MI |

| ക്രമ നമ്പർ | കൃഷി ഭവൻ | പാടശേഖരം | കർഷകരുടെ ആവശ്യം | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | പരുതൂർ | മംഗലം | വെള്ളത്തിൽ കൊയ്യാൻ പറ്റുന്ന കൊയ്ത്തു മെതി യന്ത്രം വികസിപ്പിക്കണ | MGNREGS/ MI കൃഷി വകുപ്പ് |
| 2 | | മുടപ്പക്കാട് | വെള്ളത്തിൽ കൊയ്യാൻ പറ്റുന്ന കൊയ്ത്തു മെതി യന്ത്രം വികസിപ്പിക്കണം | MGNREGS/ MI കൃഷി വകുപ്പ് |
| 3 | | കെ.കെ.പി. | വെള്ളത്തിൽ കൊയ്യാൻ പറ്റുന്ന കൊയ്ത്തു മെതി യന്ത്രം വികസിപ്പിക്കണം | MGNREGS/ MI കൃഷി വകുപ്പ് |
| 4 | | പരുതൂർ | നെല്ലുണക്കുന്ന യന്ത്രങ്ങൾ ലഭ്യമാക്കണം | MGNREGS/ MI കൃഷി വകുപ്പ് |
| 5 | | തെക്കേ കുന്ന് | നെല്ലുണക്കുന്ന യന്ത്രങ്ങൾ ലഭ്യമാക്കണം | MGNREGS/ MI കൃഷി വകുപ്പ് |
| 6 | | കണ്ണാട് | അധികജലം ഒഴിവാക്കാൻ ആവശ്യമായ തോടുകൾ വേണം | MGNREGS/ MI |
| 7 | | ചെറുകുടങ്ങാട് | അധികജലം ഒഴിവാക്കാൻ ആവശ്യമായ തോടുകൾ വേണം | MGNREGS/ MI |
| 8 | | കൊട്ടുമുണ്ട | അധികജലം ഒഴിവാക്കാൻ ആവശ്യമായ തോടുകൾ വേണം | MGNREGS/ MI |

**2.തരിശായി കിടക്കുന്ന മുഴുവൻ പാടശേഖരങ്ങളും കൃഷി യോഗ്യമാക്കണം .**

തൃത്താല നിയോജക മണ്ഡലത്തിൽ എട്ട് പഞ്ചായത്തുകളിലെ നൂറോളം പാടശേഖരങ്ങളിലായി നൂറോളം ഹെക്ടർ നെൽപ്പാടങ്ങൾ നിലവിൽ തരിശാണ് . തരിശായി കിടക്കുന്ന മുഴുവൻ നെൽപാടങ്ങളും നെൽവയൽ തണ്ണീർത്തടം ആക്ട് 2008 ഖണ്ഡിക 16 പ്രകാരം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുത്ത് താല്പര്യമുള്ള വ്യക്തികൾ/ ഗ്രൂപ്പുകൾ/ പാടശേഖരങ്ങൾ എന്നിവയെ ഏല്പിച്ചു കൃഷി ആരംഭിക്കേണ്ടതുണ്ട് . ഗ്രാമ പഞ്ചായത്തു തലത്തിൽ ശക്തമായ ഇടപെടൽ ആവശ്യമായ വിഷയമാണ്.

**3.വയലേലകളിൽ മൂന്നാം വിളയായിപയർവർഗ്ഗ വിളകൾ, എള്ള് , എന്നിവ കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം**

തൃത്താല നിയോജക മണ്ഡലത്തിൽ 80 ശതമാനത്തിൽ കൂടുതൽ വയലേലകൾ രണ്ടാം വിളയുടെ വിളവെടുപ്പിനു ശേഷം തരിശായി കിടക്കുന്നു. പയർ വർഗ്ഗ വിളകൾ കൃഷി പ്രോത്സാഹിപ്പിക്കുന്നത് വഴി കർഷകർക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിലുപരി മണ്ണിൻറെ ഫലപുഷ്ടി വർദ്ധിക്കുന്നതിനും മണ്ണിലെ അളവ് ഓർഗാനിക് കാർബൺ അളവ് വർദ്ധിക്കുന്നതിനും സഹായിക്കുന്നു

**4.വർദ്ധിച്ചു വരുന്ന വന്യമൃഗശല്യത്തിൽ നിന്നും നെൽകൃഷിയെ സംരക്ഷിക്കുന്നതിനായി പാടശേഖരടിസ്ഥാനത്തിൽ സൗരോർജ്ജ വേലി നിർമ്മാണം**

കാട്ടുപന്നി, മയിൽ, മറ്റു വന്യമൃഗങ്ങൾ എന്നിവ നെൽകൃഷിയെ നശിപ്പിക്കുന്ന അവ സ്ഥ തൃത്താല നിയോജക മണ്ഡലത്തിൽ നിലനിൽക്കുന്നു. പാടശേഖരാടിസ്ഥാനത്തിൽ സൗരോർജ്ജവേലി നിർമ്മാണം ഒരു പരിഹാരമാണ്. സംരക്ഷണ ച്ചുമതല പാടശേഖരങ്ങൾ ഏറ്റെടുക്കുന്നതുമാണ്. വന്യമൃഗങ്ങളെ തടയുന്നതിന് വിവിധ മാര്ഗങ്ങളായ ഫാം വാച്ച്മാൻ ഉൾപ്പെടെ വിവിധ നൂതന സാങ്കേതിക വിദ്യകൾ കർഷകർ അവലംബിക്കുന്നു എങ്കിലും ആയവ പൂർണമായും ഫലപ്രദമല്ല.

**6.പട്ടിക്കായൽ– കക്കാട്ടിരി, പുളിയമ്പറ്റ കായലുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്ക**

മൂന്നാംവിളയായി നെൽകൃഷി (പുഞ്ച ) ചെയ്യുന്ന കക്കാട്ടിരി (80 ha), പട്ടിക്കായൽ (80 ha), പുളിയമ്പറ്റ കായൽ (40 ha) എന്നിവയിൽ എൻജിൻ തറകൾ നിർമ്മിച്ച് പമ്പ് സെറ്റുകൾ സ്ഥാപിച്ച് വെള്ളം വറ്റിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിലൂടെ 200 ഹെക്ടറോളം കായൽ പ്രദേശത്ത് മൂന്നാംവിള നെൽകൃഷി മുൻകൂട്ടി ആരംഭിക്കുന്നതിനും കടുത്ത വേനലിനു മുമ്പ് തന്നെ ജലസേചനം കൂടാതെ വിളവെ ടുപ്പ് പൂർത്തിയാക്കുന്നതിനും സാധിക്കുന്നതാണ്. വറ്റിക്കുന്ന ജലം വിനിയോഗിച്ച് കനാൽ / തോടി നോട് ചേർന്നുള്ള പാടങ്ങളിൽ വേനൽ മഴയെ ആശ്രയിക്കാതെ തന്നെ ജലസേചനം നൽകി ഒന്നാം വിള കൃത്യ സമയത്ത് ആരംഭിക്കാവുന്നതാണ് .കൂടാതെ വെള്ളം വറ്റുന്നതിനനുസരിച്ച് രണ്ടാംവിള വിസ്തീർണവും നേരിയ തോതിൽ വർദ്ധിക്കുന്നതാണ് .

**7.ഭാരതപ്പുഴയുടെ പുനരുജ്ജീവനത്തിനായി തീരങ്ങളിൽ MGNREGS സഹകരണത്തോടെ വൃക്ഷ തൈകൾ നടീൽ**

പ്ലാവ്, മാവ്, തേക്ക്, ആൽ തുടങ്ങിയ വൻമരങ്ങളുടെ തൈകൾ ഭാരതപ്പുഴയുടെ തീരങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് ഭാരത പുഴയെ പുനരുജ്ജീവിപ്പിക്കുന്നതിനു സഹായിക്കുന്നതാണ്. ഇത്**പു**ഴയുടെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിന് സഹായകമാകും. ഈ വൃക്ഷങ്ങൾക്ക് തങ്ങളുടെ വേരുകളിൽ വലിയ തോതിൽ ജലം സംഭരിക്കാൻ സാധിക്കുന്നത് മൂലം ഭൂഗർഭജല നിരപ്പ് വർദ്ധിക്കുന്നു. മാത്രവുമല്ല , ഇവയുടെ ജലനിർഗ്ഗമനതോത് കുറവാകയാൽ വേനൽക്കാലത്തു വൻതോതിൽ ജലം നഷ്ടപ്പെടുന്നുമില്ല.

**8.സമഗ്ര തെങ്ങ് കൃഷി വികസനം –കേരഗ്രാമം മാതൃക**

തൃത്താല നിയോജക മണ്ഡലത്തിൽ ഏകദേശം 3300– ഓളം ഹെക്ടർ സ്ഥലത്തായി തെങ്ങ് കൃഷി ചെയ്തു വരുന്നു. നിലവിൽ നാളികേര വികസനത്തിനുള്ള പദ്ധതികൾ തുലോം കുറവാണ്. ആയതിനാൽ കേരഗ്രാമം പോലുള്ള പദ്ധതികൾ ഓരോ പഞ്ചായത്ത് അടിസ്ഥാനത്തിലും നടപ്പിലാക്കുന്നത് കേരകൃഷിയുടെ സമഗ്ര വികസനത്തിന് അത്യാവശ്യമാണ്.

**9.തേനീച്ചകൃഷി പ്രോത്സാഹനം**

തെങ്ങ്, കവുങ്ങ്,ഫലവർഗ്ഗ വിളകൾ റബ്ബർ എന്നീ വിളകളാൽ സമ്പുഷ്ടമാകയാൽ തൃത്താല നിയോജക മണ്ഡലത്തിൽ തേനീച്ച കൃഷിക്ക്

അനന്ത സാധ്യതകളാണുള്ളത് . തെങ്ങ്, കവുങ്ങ്, ഫലവർഗ്ഗങ്ങൾ എന്നിവയിൽ പരാഗണം വർദ്ധിപ്പിച്ച് ഉത്പാദനം ഇരട്ടിയോളം മെച്ചപ്പെടുത്തുന്നതിന് തേനീച്ച കൃഷി സഹായിക്കുന്നു. റബ്ബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ വിജയകരമായി നടപ്പിലാക്കാവുന്നതാണ്.

**സംഗ്രഹം**

നെൽകൃഷി വികസനത്തിന് ഊന്നൽ നൽകികൊണ്ട് കാർഷിക മേഖലയിൽ സമഗ്ര വികസനം നടപ്പിലാക്കുന്നത് വഴി നിയോജക മണ്ഡലത്തിൽ വലിയൊരു കാർഷിക സമൃദ്ധി കൈ വരിക്കാനാവും. നെൽകൃഷി വിസ്തീർണ്ണം 2000 ഹെക്ടർ വർദ്ധിക്കുന്നതോടെ 10000 ടൺ നെല്ലിന്റെ അധിക ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. ഇത് ഭക്ഷ്യ സുരക്ഷയോടൊപ്പം 20 കോടിയിലധികം രൂപയുടെ വരുമാന വർദ്ധനവാണ് കർഷകർക്ക് നൽകുന്നത്.എല്ലാ കാർഷിക അനുബന്ധ മേഖലകളിലും നിയോജക മണ്ഡലത്തിലെ മൊത്തം പ്രവർത്തനങ്ങളിലും ഈ കാർഷിക സമൃദ്ധിയുടെ ഊർജ്ജം പ്രതിഫലിക്കും.

# തൃത്താല നിയോജക മണ്ഡലം
# മൃഗസംരക്ഷണ-ക്ഷീരവികസനമേഖല വികസനറിപ്പോർട്ട്

പ്രാചീനകാലം മുതൽക്കു തന്നെ കൃഷിയും മൃഗസംരക്ഷണവും പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന മേഖലകളാണ്. നെൽകൃഷിയുടെ തിരിച്ചു വരവ് ഈ മേഖലയിലേക്ക് കൂടുതൽ കർഷകർ മടങ്ങി വരുന്നതിന് ഇടയാക്കിയിട്ടുണ്ട്. കോവിഡിന് ശേഷമുള്ള തൊഴിലില്ലായ്മയും ഈ മേഖലയിലേക്ക് കർഷകരെ ആകർഷിച്ചിട്ടുണ്ട്.







നിയോജക മണ്ഡലത്തിൽ പഞ്ചായത്ത്തിരിച്ചുള്ള കന്നുകാലികളുടെ എണ്ണം ചുവടെ ചേർക്കുന്നു. മണ്ഡലത്തിൽ ആകെ 24 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നു. പ്രതിദിനം 10000 ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ കൈകാര്യം ചെയ്യുന്നു. മുട്ടയുല്പാദനം ഏകദേശം പ്രതിദിനം 15000 എണ്ണം ആകുന്നു

| നമ്പർ | പഞ്ചായത്ത് | കന്നുകാലികൾ | | | |
|---|---|---|---|---|---|
| | | പശു | ആട് | പോത്ത് | കോഴി |
| 1 | ആനക്കര | 926 | 2240 | 145 | 5515 |
| 2 | ചാലിശ്ശേരി | 999 | 2330 | 140 | 6205 |
| 3 | കപ്പൂർ | 1004 | 1439 | 126 | 14814 |
| 4 | നാഗലശ്ശേരി | 944 | 1540 | 143 | 6348 |
| 5 | പട്ടിത്തറ | 1294 | 1350 | 144 | 5408 |
| 6 | തിരുമിറ്റക്കോട് | 1345 | 1640 | 135 | 5438 |
| 7 | തൃത്താല | 947 | 1332 | 142 | 9759 |

| | | | | | |
|---|---|---|---|---|---|
| 8 | പരുതൂർ | 709 | 1632 | 103 | 4780 |

സംസ്ഥാനാവിഷ്കൃത പദ്ധതിയുമായി ബന്ധിപ്പിക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി വർഷങ്ങളായി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നു. ഓരോ വർഷവും ഏകദേശം 400 പശു ക്കുട്ടികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ കറവ പ്പശുക്കൾക്ക് കാലിത്തീറ്റ വിത രണം, ആടുവളർത്തൽ പദ്ധതി, കിടാരി വിതരണ പദ്ധതി, പോത്തുകുട്ടി വിതരണ പദ്ധതി, മുട്ടക്കോഴി ക്കുഞ്ഞുങ്ങളുടെ വിതരണം എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. മൃഗസംരക്ഷണ വകുപ്പ് പദ്ധതികളായ ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, സ്കൂൾ പൗൾട്രിക്ലബ്, ചാണകക്കുഴി, തീറ്റപ്പുൽ കൃഷി മുതലായവയും നടപ്പിലാക്കുന്നു.

### മുട്ടയുൽപാദനം

ഒരു എഗ്ഗർ നഴ്സറി തിരുമിറ്റക്കോട് പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.പ്രാദേശികമായി 50 മുട്ടകൾ വിരിയിക്കുന്ന ഇൻക്യൂബേറ്റർ നിർമ്മിക്കുന്ന വ്യക്തികൾ ഉണ്ട്. വാക്സിനേറ്റർ മാരുടെ അഭാവം കുത്തിവെയ്പ് പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

### അടിസ്ഥാന സൗകര്യ വികസനം

മൃഗ ചികിത്സാ രംഗം തൃത്താല പഞ്ചായത്തിൽ നിലവിലുള്ള വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളി ക്ലിനിക് ആയി ഉയർത്തുക വഴി നിലവിലുള്ള സൗകര്യങ്ങളെ കൂടുതൽ ഉപയോഗപ്പെടുത്തുവാൻ കഴിയും. ലബോറട്ടറി സൗകര്യം ഉപയോഗപ്പെടുത്തി മൃഗരോഗ നിർണ്ണയത്തിൽ കർഷകരെ ഒരു പരിധി വരെ സഹായിക്കുവാൻ കഴിയും.

### ബാഹ്യ പരാദ നിയന്ത്രണ പദ്ധതി

KVK , KVASU എന്നിവയുമായി സഹകരിച്ച് ഒരു ബാഹ്യ പരാദ നിയന്ത്രണ പദ്ധതി നടപ്പിലാക്കാ ക്കുന്നത് കർഷകർക്ക് വളരെ പ്രയോജനം നൽകുന്ന തായിരിക്കും. ബോധവൽക്കരണം, മരുന്ന് വിതരണം, മോണിറ്ററിംഗ് മുതലായവ പദ്ധതിയുടെ ഭാഗമാക്കണം.

### മിനറൽ മാപ്പിംഗ് പദ്ധതി

വെറ്ററിനറി സർവകലാശാല ഗവേഷണ വിഭാഗവുമായി സഹകരിച്ചു കൊണ്ട് വിദ്യാർത്ഥികളുടെ സഹകരണത്തോടെ ഒരു പഠന ഗവേഷണ പദ്ധതിയായി നടപ്പിലാക്കാ വുന്നതാണ്. ഇപ്രകാരം പ്രാദേശികമായി കണ്ടെ ത്തുന്ന ധാതുലവണ മിശ്രിതം സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭിക്കാനുള്ള പദ്ധതി കൾ ആവിഷ്കരിക്കേണ്ടതാണ്.

### ABC പ്രോഗ്രാം

ഇതിനു വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കി എത്രയും വേഗം പദ്ധതി നടപ്പിലാക്ക ണം. ഇതിനോടനുബന്ധിച്ച് ഒരു എനിമൽ ഷെൽട്ടർ ആരംഭിക്കാവുന്നതാണ്. കുടുംബശ്രീയെ ഇതിന്റെ ചുമതല ഏൽപ്പിക്കാവുന്നതാണ്.

### അകിടുവീക്ക നിയന്ത്രണ പദ്ധതി

ആൻറി ബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിൻറെ ഭാഗമായി ഒരു സമ്പൂർണ്ണ അകിടു വീക്ക നിയന്ത്രണ പദ്ധതി നടപ്പിലാക്കുക.മിൽമ, KVK, KVASU എന്നീ ഏജൻസികളെ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. ബോധവൽക്കരണം, എത്ത്നോ വെറ്ററിനറി മരുന്നുപയോഗം ട്രൈ സോഡിയം സിട്രേറ്റ് ഉപയോഗം എന്നിവ പദ്ധതിയുടെ ഭാഗമാകുന്നതാണ്.

### എത്ത്നോ വെറ്ററിനറിഗവേഷണം.

ആയുർവേദത്തിൻറെ നാടായ തൃത്താലയിൽ ഇതുമായി ബന്ധപ്പെട്ട നാട്ടറിവുകളെ ക്രോഡീകരിച്ച് സൂക്ഷിക്കുവാനുള്ള ഒരു പരിശ്രമം ഉണ്ടാകുന്നത് സമൂഹത്തിന് ഗുണപ്രദമാകുമെന്ന് കരുതുന്നു. KVASU യുടെ എത്ത്നോ വെറ്ററിനറി വിഭാഗത്തിൻറെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

### അടുക്കള മുറ്റത്തെ കോഴിവളർത്തൽ

ഈ പദ്ധതിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി മുട്ടയുല്പാദനം വർദ്ധിപ്പിക്കാവുന്നതാണ് .പ്രാദേശികമായി വികസിപ്പിച്ചെടുത്ത ചെറുകിട ഇൻക്യൂബേറ്ററുകളുടെ സാധ്യത ഈ രംഗത്ത് പരീക്ഷിക്കാവുന്നതാണ്. നിലവിൽ ഈ രംഗത്ത് വകുപ്പ് പദ്ധതികൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമെയാണ് ചില ആശയങ്ങൾ മുന്നോട്ട് വെച്ചിട്ടുള്ളത്.ആയത് നിലവിലുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതുണ്ട്.ഇത് ഒരു കരട് രൂപം മാത്ര

മാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് രൂപീകരിക്കേണ്ടതിലേക്കായി ഇത് സമർപ്പിക്കുന്നു.

**വാർഷിക കാലിത്തീറ്റ സബ്സിഡി പദ്ധതി**

നിലവിൽ ബ്ളോക്ക് പഞ്ചായത്ത് പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്. പാലളവിനനുസൃതമായി കാലിത്തീറ്റ ലഭ്യമാക്കിയാൽ അത് കൂടുതൽ ഗുണപ്രദമായിരിക്കും. കൂടാതെ ഗർഭകാല പരിചരണത്തിനായി കന്നുകാലി കൾക്ക് പ്രത്യേകം തീറ്റ ലഭ്യമാക്കുന്നതിനും കർഷകർ ആവശ്യപ്പെടുന്നുണ്ട്.

# തുത്താല നിയോജക മണ്ഡലത്തിലെ മത്സ്യ മേഖലയിലെ വികസന സാധ്യതയുമായി ബന്ധപ്പെട്ട റിപ്പോർട്ട്



മത്സ്യ കൃഷി രംഗത്ത് വിപ്ലവകരമായ മുന്നേറ്റം കൈവരിക്കുന്നതിനായി കേരളസർക്കാർ, ഫിഷറീസ് വകുപ്പ് മുഖാന്തിരം നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക, ഉൾനാടൻ മൽസ്യ ഉത്പാദനം വർദ്ധിപ്പിക്കുക, ഓരോ ഭവനങ്ങളിലും പോഷകാഹാരം ഉറപ്പ വരുത്തുക എന്നീ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി 2017-18 വർഷം മുതൽ നടപ്പിലാക്കി വരുന്ന JMK II ( ജനകീയ മത്സ്യ കൃഷി ).മത്സ്യ കർഷകർക്ക് മത്സ്യ കൃഷിയിൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തുവാൻ ഈ മേഖലയിൽ സാധിച്ചിട്ടുണ്ട്. ജനകീയ മത്സ്യ കൃഷിക്ക് പുറമെ സുഭിക്ഷ കേരളം പദ്ധതി, PMMSY, പ്രധാനമന്ത്രിയുടെ മത്സ്യ സമ്പാദയോജന എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു. ജനകീയ മൽസ്യ കൃഷിപദ്ധതിയുടെ ഭാഗമായി തുത്താല നിയോജക മണ്ഡല ത്തിൽശാസ്ത്രീയസമ്മിശ്ര ശുദ്ധജല മൽസ്യ കൃഷി, റീ സർക്കുലേറ്ററി അക്വാ സിസ്റ്റം (RAS),ബയോ ഫ്ലോക്ക്, മൽസ്യക്കുഞ്ഞുങ്ങൾ മാത്രം നൽകുന്ന " വിശാല മത്സ്യകൃഷി പദ്ധതി ",സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വീട്ടു വളപ്പിലെ കു ളത്തിലെ മൽസ്യ കൃഷിയും (പടുതകുളം) എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട് .



തുത്താല നിയോജക മണ്ഡലത്തിലെ പൊതു ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതിയുടെ ഭാഗമായി V.K കടവിൽ 4 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമ പഞ്ചായത്തുകളിലെ പൊതു കുളങ്ങളിൽ മൽസ്യകുഞ്ഞ് നിക്ഷേപിക്കുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുള്ളതാണ്



| ജനകീയ മത്സ്യ കൃഷി രണ്ടാം ഘട്ടം | | | |
|---|---|---|---|
| **നമ്പർ** | **സ്കീം** | **ഗുണ ഭോക്താക്കളുടെ എണ്ണം** | **ഏരിയ സെൻറ്** |
| 1 | വിശാല കാർപ്പ് മത്സ്യ കൃഷി (പൊതുകുളം) | 178 | 3752 |
| 2 | വിശാല കാർപ്പ് മത്സ്യ കൃഷി (സ്വകാര്യ കുളം) | 212 | 1799 |
| 3 | ശാസ്ത്രീയസമ്മിശ്ര ശുദ്ധജല മത്സ്യ കൃഷി | 56 | 1704 |
| 4 | റീസർക്കുലേറ്ററിഅക്വാ സിസ്റ്റം | 2 | |
| 5 | ബയോ ഫ്ലോക്ക്മത്സ്യ കൃഷി | 1 | |
| 6 | വീട്ടു വളപ്പിലെ കുളത്തിലെ മത്സ്യ കൃഷി | 32 | |
| 7 | പൊതു ജലാശയത്തിലെ മത്സ്യ കൃഷി | 4 **ലക്ഷം** | |

**മത്സ്യ മേഖലയിലെ വികസന കാഴ്ചപ്പാട് .**

മത്സ്യ ഉത്പാദനം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പഞ്ചായത്തടിസ്ഥാനത്തിൽ "ലൈവ് ഫിഷ് മാർക്കറ്റ്" നടപ്പിലാക്കാവുന്നതാണ്. കർഷകർ ഉത്പാദിപ്പിക്കുന്ന മത്സ്യങ്ങൾ കുടുംബശ്രീ മുഖേനെ ഏറ്റെടുത്ത മത്സ്യ മൂല്യ വർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം നടത്താവുന്നതാണ്. തുത്താല നിയോജക മണ്ഡലത്തിലെ പൊതുജലാശയങ്ങളിലേയും പൊതുകുളങ്ങളിലേയും ജൈവ വൈവിധ്യവും ആവാസ വ്യവസ്ഥയും ജലസമൃദ്ധിയും ഉറപ്പു വരുത്തുന്നതിനായി കയർ ഭൂവസ്ത്രം വിരിച്ച് ബണ്ട് ബലപ്പെടുത്തുകയും തദ്ദേശീയ ഇനം മത്സ്യങ്ങളുടെ മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ബ്ലോക്ക് തല അടിസ്ഥാനത്തിൽ അക്വാ ക്ലിനിക് & ഷോപ്പ് (മത്സ്യരോഗ നിർണയവും മത്സ്യ കൃഷി അനുബന്ധ സാമഗ്രികളും) പദ്ധതി നടപ്പിലാക്കാവുന്നതാണ്.കൂടി വരുന്ന പ്രകൃതി ദുരന്തങ്ങൾ കാരണം കൃഷി നാശം സംഭവിക്കുന്ന മത്സ്യ കർഷകർക്കും മത്സ്യ കൃഷിയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി നടപ്പിലാക്കാം